04
ഞായർ
ഡിസംബർ 2022
1198വൃശ്ചികം 17

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



## വിഴിഞ്ഞം സമരത്തിൽ അനുനയ നീക്കം സജീവം, കർദിനാൾ ക്ലീമിസ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച

**തിരുവനന്തപുരം :** വിഴിഞ്ഞം തുറമുഖ വിരുദ്ധ സമരം ഒത്തുതീർക്കാൻ അനുനയ നീക്കം സജീവം. സമവായത്തിന് മുഖ്യമന്ത്രി പിണറായി വിജയനുമായി മലങ്കര ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവ ചർച്ച നടത്തി.നേരത്തെ ലത്തീൻ സഭാ നേതാക്കൾ ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തിയിരുന്നു. കർദ്ദിനാൾ ക്ലീമിസ് മുൻകൈയെടുത്താണ് ചീഫ് സെക്രട്ടറിയും ലത്തീൻ സഭയും തമ്മിലുള്ള ചർച്ച നടത്തിയത്.ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ, സമരസമിതി ജനറൽ കൺവീനർ യൂജിൻ പെരേര, എന്നിവർ ചർച്ചയിൽ പങ്കെടുത്തു. അതേസമയം സമരസമിതി ഉന്നയിക്കുന്ന പ്രധാന ആവശ്യമായ തുറമുഖ നിർമ്മാണം നിറുത്തിവയ്ക്കണമെന്ന വിഷയത്തിൽ തീരുമാനമായില്ല. ആർച്ച് ബിഷപ്പ് അടക്കമുള്ളവർക്കെതിരെയുള്ള കേസിലും ധാരണയായില്ല. തീരശോഷണം പഠിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതിയിലേക്ക് സമരസമിതി നിർദ്ദേശിക്കുന്ന ഒരാളെക്കൂടി അംഗമാക്കണമെന്ന നിർദ്ദേശവും പരിഗണനയിലാണ്.അതിനിടെ ഗാന്ധിസ്മാരക നിധിയും ഒത്തുതീർപ്പ് ചർച്ചകൾക്ക് രംഗത്തുണ്ട്. ഇതിനായി ഗാന്ധിസ്മാരക നിധി ചെയർമാൻ എൻ. രാധാകൃഷ്ണൻ. ജസ്റ്റിസ് ഹരിഹരൻ നായർ, ടി.പി. ശ്രീനിവാസൻ. ജോർജ് ഓണക്കൂർ എന്നിവരുൾപ്പെട്ട കോർ ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

## പരിധി വിട്ട് വഷളാകരുത്; വിഴിഞ്ഞം തുറമുഖ സമരത്തിൽ നിലപാട് വ്യക്തമാക്കി ആരിഫ് മുഹമ്മദ് ഖാൻ

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ നിർമാണത്തെ ചൊല്ലി നടക്കുന്ന പ്രതിഷേധങ്ങൾ ഒരു പരിധി ലംഘിച്ച് വഷളാകരുതെന്ന് ആരിഫ് മുഹമ്മദ് ഖാൻ. വിഷയത്തിൽ സർക്കാർ നടപടിയെടുക്കുന്നുണ്ട് ഹൈക്കോടതിയുടെ പരിഗണനയിലുമുള്ളതിനാൽ കാത്തിരിക്കാമെന്നും ഗവർണർ അറിയിച്ചു.

വിഴിഞ്ഞം തുറമുഖ വിരുദ്ധസമരം അക്രമാസക്തമായതിന് പിന്നാലെ സംസ്ഥാന സർക്കാരിനെതിരെ വിമർശനമുന്നയിച്ച് ആരിഫ് മുഹമ്മദ് ഖാൻ രംഗത്തെത്തിയിരുന്നു. വിഴിഞ്ഞം പൊലീസ് സ്റ്റേഷൻ ആക്രമിക്കപ്പെട്ട സംഭവം പരിശോധിച്ച ശേഷം നിലപാട് അറിയിക്കാമെന്നായിരുന്നു ഗവർണർ കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നത്. ക്രമസമാധാന പാലനത്തിന് സർക്കാരിന് എവിടെയാണ് സമയമെന്നും പകരം സർവകലാശാലകളെ നിയന്ത്രിക്കാനല്ലേ കൂടുതൽ താത്പര്യമെന്ന് അദ്ദേഹം ചോദിച്ചു. സർവകലാശാലകളുടെ ചാൻസലർ ഗവർണർ തന്നെയാണെന്നും അവിടെ സ്വജനപക്ഷപാതം പാടില്ലെന്നും ഗവർണർ പറഞ്ഞു. വിദ്യാർത്ഥികളുടെ ഭാവിയിൽ ആശങ്കപ്പെടാതെ അധികാരത്തിൽ മാത്രമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പറഞ്ഞ അദ്ദേഹം സർക്കാർ ബില്ലുകൾ കൊണ്ട് വരുന്നത് കേഡറുകളെ തൃപ്തിപ്പെടുത്താൻ മാത്രമാണെന്നും കുറ്റപ്പെടുത്തി.



## ശബരിമലയിലേക്കുള്ള ബസ് സർവീസുകൾ കൂട്ടണമെന്ന് KSRTCയോട് ഹൈക്കോടതി



**കൊച്ചി:** ശബരിമലയിലേക്ക് അധിക സർവീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി.ക്ക് ഹൈക്കോടതി നിർദേശം. പമ്പയിലെയും നിലക്കലിലെയും തിരക്കു കുറയ്ക്കാൻ നടപടി വേണമെന്നും കോടതി ആവശ്യപ്പെട്ടു. വിഷയത്തിൽ സ്വമേധയാ ഇടപെട്ടാണ് ഹൈക്കോടതി നിർദേശങ്ങൾ നൽകിയത്.തിരുവിതാംകൂർ ദേവസ്വം ബോർഡിനും പത്തനംതിട്ട ജില്ലാ കളക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും ഇതു സംബന്ധിച്ച് ഹൈക്കോടതി നിർദേശം നൽകി. അധിക ബസ് സർവീസ് അനുവദിക്കുന്ന കാര്യത്തിൽ അടിയന്തരമായി തീരുമാനമുണ്ടാകണമെന്നും കോടതി പറഞ്ഞു.നിലയ്ക്കലിലെയും പമ്പയിലെയും ബസുകളിൽ വലിയ തിരക്കാണ് നിലവിൽ അനുഭവപ്പെടുന്നത്. ഈ റൂട്ടിൽ ആവശ്യത്തിന് ബസ് സർവീസുകൾ ഇല്ല. അഞ്ചുമിനിറ്റ് കൂടുമ്പോഴാണ് റൂട്ടിൽ സർവീസ് നടത്തുന്നത്. തിരക്കു കാരണം ശബരിമലയിലെത്തുന്ന മുതിർന്നവർക്കും ഭിന്നശേഷിക്കാർക്കും ഇത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ദൂരദേശങ്ങളിൽ നിന്നെത്തുന്ന യാത്രക്കാരെയും ഇത് വലിയ തോതിൽ വലയ്ക്കുന്നു. ഉള്ള ബസ്സുകളിൽത്തന്നെ തീർഥാടകരെ കുത്തിനിറച്ച് കൊണ്ടുപോകേണ്ട അവസ്ഥയുമാണ്. ഇതോടെയാണ് ഹൈക്കോടതി ഇക്കാര്യത്തിൽ അടിയന്തരമായ നടപടി ആവശ്യപ്പെട്ട് ഇടപെട്ടത്.



## നടൻ കൊച്ചു പ്രേമൻ അന്തരിച്ചു

**തിരുവനന്തപുരം:** നടൻ കൊച്ചുപ്രേമൻ (68) അന്തരിച്ചു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം. നാടകങ്ങളിലൂടെ സിനിമാരംഗത്തെത്തിയ കൊച്ചു പ്രേമൻ 250 ഓളം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഏഴുനിറങ്ങളാണ് ആദ്യ സിനിമ.

ശ്വാസകോശ സംബന്ധമായ അസുഖത്തെത്തുടർന്ന് ചികിത്സയിലായിരുന്നു അദ്ദേഹം. ഹാസ്യവേഷങ്ങളിൽക്കൂടി മലയാള സിനിമയിലെ അവിഭാജ്യ ഘടകമായി മാറിയ നടനാണ് കൊച്ചുപ്രേമൻ. 1997-ൽ രാജസേനന്റെ ദില്ലിവാല രാജകുമാരനിലൂടെയാണ് കൊച്ചുപ്രേമൻ മലയാളസിനിമയിൽ ഇരിപ്പിടമുറപ്പിച്ചത്. രാജസേനനൊപ്പം എട്ടു സിനിമകൾ ചെയ്തു.

കോമഡി റോളുകൾ മാത്രം കൈകാര്യം ചെയ്യുന്ന നടനല്ല താൻ എന്ന് തെളിയിച്ചത് 1997-ൽ റിലീസായ ഗുരു എന്ന ചിത്രത്തിലെ അഭിനയത്തോടെയാണ്. ജയരാജ് സംവിധാനം ചെയ്ത് 2003-ൽ റിലീസായ തിളക്കത്തിലെ വേഷവും ഏറെ ശ്രദ്ധിക്കപ്പെട്ടു. ദില്ലിവാല രാജകുമാരൻ, തിളക്കം, കല്യാണരാമൻ, തെങ്കാശിപ്പട്ടണം, പട്ടാഭിഷേകം, ഛോട്ടാമുംബൈ, ലീല, ഓർഡിനറി, മായാമോഹിനി, പാപ്പീ അപ്പച്ചാ, കൊച്ചാൾ തുടങ്ങിയവയാണ് മറ്റുപ്രധാനചിത്രങ്ങൾ.

സിനിമയ്ക്ക് പുറമേ നിരവധി ടെലിവിഷൻ പരമ്പരകളിലും അദ്ദേഹം വേഷമിട്ടു. നടി ഗിരിജാ പ്രേമനാണ് ഭാര്യ. മകൻ -ഹരികൃഷ്ണൻ



സ്ഫോടനത്തിന്റെ ആഘാതത്തിൽ തൃണമൂൽ കോൺഗ്രസ് നേതാവിന്റെ പുരയുടെ മേൽക്കൂര തെറിച്ചുപോയ സ്ഥിതിയിൽ

## ബംഗാളിൽ തൃണമൂൽ കോൺഗ്രസ് പ്രാദേശിക നേതാവിന്റെ വീട്ടിൽ ഉഗ്രസ്ഫോടനം; രണ്ട് മരണം

**കൊൽക്കത്ത:** ബംഗാളിൽ തൃണമൂൽ കോൺഗ്രസ് പ്രാദേശിക നേതാവിന്റെ വീട്ടിലുണ്ടായ ഉഗ്രസ്ഫോടനത്തിൽ രണ്ടുപേർ മരിച്ചു. പാർട്ടിയുടെ ബൂത്ത് പ്രസിഡന്റ് രാജ്കുമാർ മന്നയുടെ വസതിയിലാണ് സ്ഫോടനമുണ്ടായത്. രണ്ടുപേർ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. രണ്ടുപേർക്ക് ഗുരുതര പരിക്കുമുണ്ട്. ഭുപാട്ടിനഗർ പ്രദേശത്തായിരുന്നു സ്ഫോടനം. മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല.സ്ഫോടനത്തിൽ മരിച്ചത് തൃണമൂൽ കോൺഗ്രസ് പ്രവർത്തകർ തന്നെയാണെന്നാണ് കരുതുന്നത്. ശനിയാഴ്ച തൃണമൂൽ കോൺഗ്രസ് ദേശീയ സെക്രട്ടറി അഭിഷേക് ബാനർജി പങ്കെടുക്കേണ്ട പരിപാടി നടക്കുന്ന സ്ഥലത്തുനിന്നും ഒന്നരക്കിലോമീറ്റർ മാത്രം അകലെയാണ് സ്ഫോടനം നടന്ന വീട്. പ്രാദേശിക നേതാവിന്റെ വീടിനുനേരെ ആക്രമണം ഉണ്ടായതാണോ എന്നാകാര്യം പോലീസ് പരിശോധിക്കുന്നുണ്ട്. വീട്ടിൽ സൂക്ഷിച്ചിരുന്ന അസംസ്കൃത ബോംബ് അബദ്ധത്തിൽ പൊട്ടിത്തെറിക്കാനുള്ള സാധ്യതയും പോലീസ് തള്ളിക്കളയുന്നില്ല. സ്ഫോടനത്തിന്റെ ആഘാതത്തിൽ മണ്ണുകൊണ്ടുണ്ടാക്കിയ വീടിന്റെ മേൽക്കൂര തെറിച്ചുപോയി.സ്ഫോടനത്തിന് പിന്നിൽ തൃണമൂൽ കോൺഗ്രസ് തന്നെയാണെന്ന് ബിജെപി ദേശീയ വൈസ് പ്രസിഡന്റ് ദിലീപ് ഘോഷ് ആരോപിച്ചു. ഇത്തരത്തിലുള്ള സാമൂഹ്യവിരുദ്ധ പ്രവൃത്തികൾ തൃണമൂൽ കോൺഗ്രസ് എക്കാലവും ചെയ്യാറുള്ളതാണെന്നും അതിനാൽ ഈ സംഭവത്തിൽ ആശ്ചര്യപ്പെടാനൊന്നുമില്ലെന്നും ഘോഷ് കുറ്റപ്പെടുത്തി. എന്നാൽ തൃണമൂൽ കോൺഗ്രസ് നേതാവിന്റെ വീട്ടിൽ ബോംബ് സൂക്ഷിച്ചിരുന്നുവെന്നും പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുമ്പ് നാട്ടിൽ ഭീതി സൃഷ്ടിക്കുകയാണ് അവരുടെ ലക്ഷ്യമെന്നും ബിജെപി സംസ്ഥാന പ്രസിഡന്റ് സുകന്ദ മജുംദർ ആരോപിച്ചു.

## ചരിത്രത്തിലാദ്യമായി വനിതാ നാവികർ ഇന്ത്യൻ നേവിയിലേക്ക്; എത്തുന്നത് 341 പേർ



ന്യൂഡൽഹി: അഗ്നിവീർ പദ്ധതിയിലൂടെ 341 വനിതാ നാവികരെ നിയമിക്കാൻ ഇന്ത്യൻ നേവി. നാവികസേനാ മേധാവി ആർ.ഹരികുമാറാണ് ഇക്കാര്യം അറിയിച്ചത്. അഗ്നിവീർ പദ്ധതിയുടെ ഭാഗമായി 3000 അഗ്നിവീറുകളെയാണ് നിയമിക്കുന്നത്. ഇതിൽ 341 പേർ വനിതകളാണ്. ആകെ 10 ലക്ഷം അപേക്ഷകരാണുണ്ടായത്. ഇതിൽ 82,000 പേർ വനിതാ അപേക്ഷകരായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തിരഞ്ഞെടുപ്പ് പ്രക്രിയ പുരുഷന്മാർക്കും വനിതകൾക്കും ഒരുപോലെയായിരുന്നു. വനിതകൾക്ക് മാത്രമായി പ്രത്യേക ടെസ്റ്റുകൾ ഒന്നും നടത്തിയിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. സേനയിൽ ജെൻഡർ ന്യൂട്രാലിറ്റി ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി വനിതാ ഫൈറ്റർ പൈലറ്റുമാരെയും എയർ ഓപ്പറേഷൻമാരെയും നേരത്തേ നിയമിച്ചിരുന്നു. വരും വർഷങ്ങളിലും വിവിധ തസ്തികകളിൽ സ്ത്രീപങ്കാളിത്തം ഉറപ്പു വരുത്തുമെന്നും നാവികസേനാ മേധാവി പറഞ്ഞു.

VISA 4STUDY
STUDY REDEFINED
STUDY ABROAD
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

### ആശാൻ

ഫാദർ ഡിക്രൂസ് വികൃത-വർഗീയ മനസ്സിന്റെ ഉടമ; വസ്ത്രത്തിന്റെ മാന്യതപോലും കാണിച്ചില്ല സിപിഎം സംസ്ഥാന സെക്രട്ടറി



രാഷ്ട്രീയക്കാർക്കു നാക്ക് പിഴ സംഭവിച്ചാൽ ക്ഷമിക്കണോ?

ലോകചരിത്രത്തിലാദ്യമായി
22 ...... 10 ......
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്



പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം

editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ


മഹാത്മാ ഗാന്ധി

# ഈ കേസ് നീതിന്യായ ചരിത്രത്തിൽ ഇടം പിടിയ്ക്കും

ചില കോടതി വിധികൾ സമൂഹത്തിനു പാഠമാകുന്നതിനൊപ്പം രാജ്യത്തിന്റെ അന്തസും അഭിമാനവും ഉയർത്താൻ സഹായകരമാകും. ആയുർവേദ ചികിത്സയ്ക്കായി കോവളത്ത് എത്തിയ വിദേശ വനിതയെ കൊലപ്പെടുത്തിയ കേസിൽ രണ്ടു പ്രതികളും കുറ്റക്കാരെന്നു തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതി വിധിച്ചിരിക്കുന്നു. സംഭവം നടന്ന് നാലര വർഷത്തിനുശേഷം വിധി വരുമ്പോൾ കേരളത്തിന്റെ നീതിന്യായ വ്യവസ്ഥയിൽ തിളക്കമുള്ളൊരു അധ്യായമാണ് എഴുതപ്പെട്ടത്. ഇരയാക്കപ്പെട്ടത് ഒരു വിദേശിയായിട്ടുകൂടി പോലീസും പ്രോസിക്യൂഷനും വിട്ടുവീഴ്ചയോ ഉപേക്ഷയോ വരുത്തിയില്ലെന്നതിനു തെളിവാണ് ഇത്തരത്തിലൊരു വിധി. തീർച്ചയായും കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർക്കും ഇരയ്ക്ക് നീതി ഉറപ്പാക്കുന്നതിനായി വാദിച്ച അഭിഭാഷകർക്കും അഭിമാനിക്കാം. നാട്ടിൽ നീതിയുടെ വെളിച്ചം കെട്ടിട്ടില്ലെന്ന് ഒരിക്കൽക്കൂടി ഉറപ്പിക്കപ്പെട്ടിരിക്കുന്നു.2018 മാർച്ച് 14-നായിരുന്നു കേസിനാസ്പദമായ സംഭവം. പോത്തൻകോട്ടെ ആയുർവേദ ചികിത്സാ കേന്ദ്രത്തിൽനിന്നിറങ്ങി കോവളം ബീച്ചിലെത്തിയ 40 വയസുകാരിയായ ലാത്വിയൻ വനിതയ്ക്കു നേരിട്ട അനുഭവം കേരളത്തിനു തീരാക്കളങ്കമാണ് ഏൽപ്പിച്ചത്. ടൂറിസ്റ്റ് ഗൈഡെന്ന വ്യാജേന എത്തിയവർ ആളൊഴിഞ്ഞ കുറ്റിക്കാട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി ലഹരി നൽകി പീഡിപ്പിച്ചശേഷം ഇവരെ കഴുത്തു ഞെരിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. കടുത്ത വിഷാദ രോഗിയായിരുന്ന യുവതിയെ സഹോദരിയും ഭർത്താവും ചേർന്നായിരുന്നു ചികിത്സയ്ക്ക് കേരളത്തിൽകൊണ്ടുവന്നത്. സംഭവ ദിവസം പതിവു നടത്തത്തിനിറങ്ങിയ യുവതിയെ കാണാതായതായി സഹോദരിയും ആശുപത്രി ജീവനക്കാരും കോവളം, പോത്തൻകോട് പോലീസ് സ്റ്റേഷനുകളിൽ പരാതിപ്പെട്ടു. യുവതി ഓട്ടോറിക്ഷയിൽ കോവളം ബീച്ചിലെത്തിയതായി പോലീസിനു വിവരം ലഭിച്ചെങ്കിലും അന്വേഷണം തണുപ്പൻ മട്ടിലാണെന്ന് ആരോപണമുണ്ടായി. വിഷാദരോഗിയായ യുവതി കടലിൽപ്പെട്ടു മരിച്ചിരിക്കാമെന്നുള്ള നിഗമനമൊക്കെ ഉണ്ടായി. ചൂണ്ടയിടാൻ പോയ യുവാക്കളാണ് 38 ദിവസങ്ങൾക്കുശേഷം പൊന്തക്കാട്ടിൽനിന്ന് യുവതിയുടെ അഴുകിത്തുടങ്ങിയ മൃതദേഹം കണ്ടെത്തിയത്. കാണാതായ വിദേശ വനിതയുടെ മൃതദേഹമാണ് ഇതെന്ന് സ്ഥിരീകരിക്കാൻ ഡി.എൻ.എ. പരിശോധന വേണ്ടിവന്നു. ഇത്തരത്തിൽ സ്ഥിരീകരിച്ച ആളുടേത് ക്രൂരമായ കൊലപാതകമാണെന്നും അതു ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കാൻ കഴിഞ്ഞതും നിസാരമല്ല. കേസ് അന്വേഷണത്തിനിടെ പോലീസ്ഉദ്യോഗസ്ഥർക്കും വിചാരണാവേളയിൽ പ്രോസിക്യൂഷനും നിരവധി വെല്ലുവിളികളുണ്ടായി. മൃതശരീരം ജീർണിച്ചതിനാൽ ബയോളജിക്കൽ തെളിവുകൾ നഷ്ടമായിരുന്നു. സാഹചര്യത്തെളിവുകളും ശാസ്ത്രീയ നിഗമനങ്ങളും പ്രതികളെ പഴുതുകളില്ലാതെ പൂട്ടാൻ സഹായിച്ചു.

സ്ഥലപരിചയം ഇല്ലാത്ത വിദേശ വനിതയ്ക്ക് കണ്ടൽത്തുരുത്തിലേക്ക് ഒറ്റയ്ക്ക് എത്താൻ കഴിയുമായിരുന്നില്ല. സ്ഥലം നന്നായി അറിയാവുന്ന ആരുടെയെങ്കിലും സഹായം ലഭിച്ചിരിക്കാമെന്ന നിഗമനം കൃത്യമായി തീർന്നു. ആരാണ് കണ്ടൽത്തുരുത്തിലേക്ക് യുവതിയെ എത്തിച്ചതെന്നതിന് 18 സാഹചര്യങ്ങൾ പ്രോസിക്യൂഷൻ നിരത്തിയത് കോടതി അംഗീകരിക്കുകയായിരുന്നു. ജാമ്യത്തിൽ ഇറങ്ങിയ പ്രതികൾക്കുവേണ്ടിയുള്ള ഭീഷണിയും സമ്മർദവും അന്വേഷണ ഉദ്യോഗസ്ഥർക്കും അഭിഭാഷകർക്കും നേരിടേണ്ടിവന്നിരുന്നു. കെമിക്കൽ എക്സാമിനർ അടക്കം രണ്ടുപേർ കൂറുമാറുന്ന സാഹചര്യമുണ്ടായി. പോസ്റ്റുമോർട്ടം നടത്തിയ ഡോ. ശശികലയുടെ മൊഴികൾ ഏറെ നിർണായകമായി. കോടതിവിധിയോട് ഏറെ വൈകാരികമായാണ് സ്പെഷൽ പ്രോസിക്യൂട്ടർ മോഹൻരാജും അന്വേഷണ ഉദ്യോഗസ്ഥരും പ്രതികരിച്ചത്. കേസിന്റെ നാൾവഴികളിൽ നേരിട്ട സമ്മർദമത്രയും അവരുടെ വാക്കിൽ നിറഞ്ഞു. ഭാരതീയനെന്ന നിലയിൽ വിധിയിൽ സന്തോഷമുണ്ടെന്ന സ്പെഷൽ പ്രോസിക്യൂട്ടറുടെ വാക്കുകൾ കേസിന്റെ വിവിധ മാനങ്ങൾ അടയാളപ്പെടുത്തുന്നു.

ലഹരിമരുന്ന് ഉപയോഗത്തിനെതിരേ നാടൊന്നാകെ പോരാടുമ്പോഴാണ് ലഹരിമരുന്നിന് അടിമകളായ രണ്ടുപേർ ചെയ്ത പൈശാചികതയ്ക്ക് ശിക്ഷിക്കപ്പെടാൻ പോകുന്നത്. കേസിലെ ഒന്നും രണ്ടും പ്രതികളായ ഉമേഷ്, ഉദയകുമാർ എന്നിവരുടെ പേരിൽ ലഹരിമരുന്ന്, അടിപിടി ഉൾപ്പെടെ നിരവധി കേസുകൾ അല്ലാതെയുമുണ്ട്. ഇത്തരക്കാരുടെ സാന്നിധ്യം എപ്പോഴാണ് വലിയ ക്രൂരതകൾക്ക് ഇടയാക്കുന്നതെന്ന പേടികൂടി ഈയൊരു കേസ് സമ്മാനിക്കുന്നു. അതുകൊണ്ടുതന്നെ ലഹരിക്ക് അടിമകളായവരിലും അക്രമ കേസുകളിൽ പ്രതികളായവരിലും പോലീസിന്റെ കണ്ണ് എപ്പോഴുമുണ്ടാകണം. സാക്ഷികൾ കൂറുമാറുകയും ദൃക്സാക്ഷികൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോഴും സാഹചര്യ തെളിവുകൾ പരമാവധി ശേഖരിച്ച് ശക്തമായി വാദിച്ചാൽ സത്യം തെളിഞ്ഞുവരുമെന്നതിന്റെ മികച്ച ഉദാഹരണമായിട്ടാകും ഈ കേസ് നീതിന്യായ ചരിത്രത്തിൽ ഇടം പിടിക്കുക. ഒപ്പം കേരളത്തിന്റെ നിയമവ്യവസ്ഥയെ കൂടുതൽ ആദരവോടെ കാണാൻ വിദേശികളെയടക്കം പ്രേരിപ്പിക്കുകയും ചെയ്യും.



# വിട വാങ്ങിയത് ആവർത്തന വിരസതയൊട്ടുമില്ലാതെ ഹാസ്യവേഷങ്ങൾ അവിസ്മരണീയമാക്കിയ പ്രിയ നടൻ

വർഷങ്ങൾ ഒരുപാട് കഴിഞ്ഞെങ്കിലും തിളക്കത്തിലെ വെളിച്ചപ്പാടിനെയും പട്ടാഭിഷേകത്തിലെ ബാങ്ക് മാനേജറെയും ഇരട്ടക്കുട്ടികളുടെ അച്ഛനിലെ നായകന്റെ അവിവാഹിതനായ അയൽവാസിയേയും കല്യാണരാമനിലെ കാര്യസ്ഥനെയും ഓർക്കാത്ത മലയാളികളുണ്ടാകില്ല.അത്രമേൽ മനോഹരമായിട്ടാണ് പ്രേം കുമാർ എന്ന കൊച്ചുപ്രേമൻ ഓരോ കഥാപാത്രങ്ങളെയും അവിസ്മരണീയമാക്കിയത്.

1979ൽ പുറത്തിറങ്ങിയ ' ഏഴ് നിറങ്ങൾ' എന്ന ചിത്രത്തിലൂടെ വെള്ളിത്തിരയിലെത്തിയ അദ്ദേഹം നാല് പതിറ്റാണ്ടോളം നീണ്ട അഭിനയ ജീവിതത്തിനിടെ ഇരനൂറ്റിയൻപതിലധികം സിനിമകളിൽ അഭിനയിച്ചു. തിളക്കം, ഗുരു, ഇരട്ടക്കുട്ടികളുടെ അച്ഛൻ, തെങ്കാശിപ്പട്ടണം, പട്ടാഭിഷേകം, ഷോട്ടാ മുംബൈ, ലീല, ഓർഡിനറി, മായാമോഹിനി, പാപ്പീ അപ്പച്ചാ, കല്യാണരാമൻ, പ്രീസ്റ്റ് തുടങ്ങി അദ്ദേഹത്തിന്റെ നിരവധി ചിത്രങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. രാജസേനൻ ചിത്രം ദില്ലിവാല രാജകുമാരനിലൂടെയാണ് അദ്ദേഹം മലയാള സിനിമയിൽ സ്ഥാനമുറപ്പിച്ചത്.

അഭിനയിച്ചതിൽ തൊണ്ണൂറ് ശതമാനത്തോളം ചിത്രങ്ങളിലും ഹാസ്യവേഷങ്ങളായിരുന്നെങ്കിലും, ആവർത്തന വിരസത ഒട്ടും തോന്നാത്ത രീതിയിൽ ഓരോ കഥാപാത്രത്തെയും അത്രത്തോളം തൻമയത്വത്തോടെ അവതരിപ്പിക്കാൻ സാധിക്കുന്ന താരമായിരുന്നു കൊച്ചുപ്രേമൻ. സിനിമയിൽ ഒന്നോ രണ്ടോ സീനുകൾ മാത്രമേയുള്ളൂവെങ്കിൽപ്പോലും, ചിരിയിലൂടെയും, സംഭാഷണ ശൈലിയിലൂടെയും, ഭാവങ്ങളിലൂടെയും പ്രേക്ഷകന്റെ ശ്രദ്ധ ആകർഷിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

അഭിനയിച്ച കഥാപാത്രങ്ങൾ മാത്രമല്ല, 'മച്ചമ്ബീ', 'ഈ പട്ടിയെന്ന് പറഞ്ഞാൽ പിശാചല്ലിയോ, വെളിച്ചപ്പാട് ഭഗവതിയല്ലിയോ' തുടങ്ങിയ പല ഡയലോഗുകളും മലയാളികൾക്ക് മനപാഠമാണ്. ഹാസ്യവേഷം മാത്രമല്ല സീരിയസ് വേഷങ്ങളും കിട്ടുന്ന എല്ലാ വേഷങ്ങളും ഗംഭീരമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അതിന് ഉത്തമ ഉദാഹരമാണ് 1997-ൽ പുറത്തിറങ്ങിയ ഗുരു എന്ന ചിത്രത്തിലെ അഭിനയം.

എവിടെപ്പോയാലും ആളുകൾ എന്നെ തിരിച്ചറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതാണ് കലാകാരൻ എന്ന നിലയിൽ തനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമെന്നായിരുന്നു അദ്ദേഹം പറയാറ്. നിരവധി ടെലിവിഷൻ സീരിയലുകളിൽ വേഷമിട്ട കൊച്ചുപ്രേമൻ നിരവധി നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്



# കഴക്കൂട്ടം ആകാശപാത തുറന്നത് താത്ക്കാലികമായി; സർവീസ് റോഡുകളുടെ ടാറിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് വീണ്ടും അടച്ചിടും

**തിരുവനന്തപുരം:** തിരുവനന്തപുരം ഏറെ നാളായി കാത്തിരുന്ന കഴക്കൂട്ടം എലവേറ്റഡ് ഹൈവേ താത്ക്കാലികമായാണ് തുറന്നത് എന്ന് വിവരം.

സർവീസ് റോഡുകളുടെ പണി പുരോഗമിക്കുന്നതിനാലാണ് ആകാശപാത പൊതുജനങ്ങൾക്കായി തുറന്ന് നൽകിയത്. സർവീസ് റോഡിന്റെ പണി പൂർത്തിയായാൽ ഉടനെ തന്നെ വീണ്ടും അടച്ചിടും.

നിലവിൽ നടന്ന് വരുന്ന സർവീസ് റോഡുകളുടെ ടാറിംഗ് വരും ദിവസങ്ങളിൽ പൂർത്തിയാക്കും അതോടെ മേൽപ്പാലം വീണ്ടും അടച്ചിടും. കൂടാതെ മേൽപ്പാലത്തിന്റെ സുരക്ഷാ ഓഡിറ്റിംഗും പുരോഗമിക്കുകയാണ്. എല്ലാ പ്രവർത്തനങ്ങളും കഴിഞ്ഞ് ഭാരമുള്ള വാഹനങ്ങൾ അടക്കം കയറ്റി പരിശോധിച്ച്ഉദ്ഘാടനത്തിന് ശേഷമേ പിന്നീട് പൊതുജനങ്ങൾക്കായി വീണ്ടും തുറന്ന് കൊടുക്കുകയുള്ളു.

2.71 കിലോമീറ്റർ നീളത്തിൽ 200 കോടി ചിലവിൽ ദേശീയപാത അതോറിറ്റി നിർമിച്ച ആകാശപാത, ദേശീയപാത 66ലെ കഴക്കൂട്ടം -മുക്കോല റീച്ചിന്റെ ഭാഗമാണ്. സംസ്ഥാനത്തിലെ ഏറ്റവും വലിയ നാല് വരി ആകാശപ്പാതയുടെ രണ്ട് വശങ്ങളിലും 7.5 മീറ്ററിൽ സർവീസ് റോഡുകളുണ്ട്. നിർമാണം പൂർത്തിയായ ആകാശപാതയുടെ ഉദ്ഘാടനം പലതവണ മാറ്റിവെച്ചിരുന്നു. നേരത്തെ മൂന്ന് തവണ ഹൈവേ തുറക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ അസൗകര്യം കാരണം നീട്ടുകയായിരുന്നു. ഡിസംബർ രണ്ടിന് ഉദ്ഘാടനം പ്രഖ്യാപിച്ചിരുന്നെങ്കിലും നടന്നില്ല. തുടർന്ന് മേൽപ്പാലം തുറന്നതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിക്കുകയായിരുന്നു.




# കീമോതെറാപ്പിയോട് പ്രതികരിക്കുന്നില്ല; പെലെയെ പാലിയേറ്റീവ് കെയറിലേക്ക് മാറ്റി

സാവോ പോളോ: അനാരോഗ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച ഫുട്ബോൾ ഇതിഹാസം പെലെയെ പാലിയേറ്റീവ് കെയറിലേക്ക് മാറ്റി. അർബുദ ബാധിതനായ അദ്ദേഹം കീമോതെറാപ്പിയോട് പ്രതികരിക്കത്തതിനെ തുടർന്നാണ് പാലിയേറ്റീവ് കെയറിലേക്ക് മാറ്റിയത്.

കഴിഞ്ഞ ദിവസമാണ് 82-കാരനായ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കാൻസറിന് ചികിത്സയിൽ കഴിയുന്ന പെലെയെ ഹൃദയസംബന്ധമായ പ്രശ്നങ്ങളും അലട്ടുന്നുവെന്നാണ് റിപ്പോർട്ട്. തുടർന്നാണ് അദ്ദേഹത്തെ അടിയന്തരമായി സാവോപോളോയിലെ ആൽബർട്ട് ഐൻസ്റ്റീൻ ആശുപത്രിയിലേക്ക് മാറ്റിയത്.

പെലെയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച വിവരം മകളാണ് കഴിഞ്ഞ ദിവസം അറിയിച്ചത്. സാമൂഹ്യമാധ്യമങ്ങളിലൂടെയാണ് പെലെയുടെ മകൾ വാർത്ത പങ്കുവെച്ചത്.എക്കാലത്തേയും മികച്ച ഫുട്ബോൾ താരങ്ങളിലൊരാളായ പെലെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി അസുഖബാധിതനാണ്.

ബ്രസീലിനായി മൂന്ന് തവണ ലോകകപ്പ് നേടിയിട്ടുണ്ട്. 1958, 1962, 1970 ലോകകപ്പുകളിൽ കിരീടം നേടിയ ബ്രസീൽ ടീമംഗമായിരുന്നു പെലെ. മൂന്ന് വിശ്വകിരീടങ്ങൾ നേടുന്ന ഏക താരവും പെലെയാണ്.



# നിങ്ങളെ കൊന്നൊടുക്കിയ ഹിറ്റ്ലർ മഹാനായിരുന്നു; ഇസ്രയേൽ അംബാസഡർക്ക് വിദ്വേഷ സന്ദേശം

രണ്ടാം ലോകമഹായുദ്ധകാലത്ത് നടന്ന ജൂത കൂട്ടക്കൊലകളെയും അതിന് നേതൃത്വം നൽകിയ ഹിറ്റ്ലറിനേയും പ്രകീർത്തിച്ച് ഇന്ത്യയിലെ ഇസ്രയേൽ അംബാസഡർ നവോർ ഗിലോണിന് ട്വിറ്ററിൽ സന്ദേശം. ശനിയാഴ്ചയാണ് തനിക്ക് കിട്ടിയ വിദ്വേഷ സന്ദേശത്തിന്റെ സ്ക്രീൻഷോട്ട് അദ്ദേഹം പങ്കുവെച്ചത്. കശ്മീർ ഫയൽസ് സിനിമയുമായി ബന്ധപ്പെട്ട വിവാദത്തിന്റെ പശ്ചാത്തലത്തിലാണ് സന്ദേശം.

നിങ്ങളെ പോലുള്ളവരെ കൊന്നൊടുക്കിയ ഹിറ്റ്ലർ മഹാനാണെന്നും ഹിറ്റ്ലർ ഒരു മഹാനായ വ്യക്തിയാണെന്നും സന്ദേശത്തിൽ പറയുന്നു. സ്ക്രീൻഷോട്ട് സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചുവെങ്കിലും സന്ദേശം അയച്ചയാളെ തിരിച്ചറിയും വിധമുള്ള വിവരങ്ങൾ അദ്ദേഹം പുറത്തുവിട്ടില്ല.

ഈ രീതിയിലുള്ള മറ്റ് സന്ദേശങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സന്ദേശം അയച്ചയാളുടെ പ്രൊഫൈൽ പരിശോധിച്ചപ്പോൾ പിഎച്ച്ഡി ഉള്ളയാളാണ് അദ്ദേഹം എന്ന് മനസിലായെന്നും ഗിലോൺ തന്റെ ട്വീറ്റിൽ പറയുന്നു.

തന്റെ സംരക്ഷണം അയാൾ അർഹിക്കുന്നില്ലെങ്കിലും, അയാളുടെ തിരിച്ചറിയൽ വിവരങ്ങൾ നീക്കം ചെയ്യാനാണ് താൻ തീരുമാനിച്ചതെന്ന് അദ്ദേഹം പറഞ്ഞു. നിരവധിയാളുകൾ അംബാസഡർക്ക് പിന്തുണയറിയിച്ച് രംഗത്തെത്തി.

സമൂഹമാധ്യമങ്ങളിൽ ഉൾപ്പടെ ഇന്ത്യക്കാർക്ക് സൗഹൃദ മനോഭാവമാണുള്ളതെന്നും എന്നാൽ ജൂത വിരുദ്ധ വികാരം ഇപ്പോളും നിലനിൽക്കുന്നുണ്ടെന്നതിന്റെ ഓർമപ്പെടുത്തലായാണ് താൻ അതിവിടെ പങ്കുവെച്ചതെന്നും ഗിലോൺ പറഞ്ഞു. അതിനെ നമ്മൾ കൂട്ടായി നേരിടണം, പരിഷ്കൃത തലത്തിലുള്ള ചർച്ചകൾ നിലനിർത്തണം. അദ്ദേഹം ട്വീറ്റുകളിൽ പറഞ്ഞു.

' ദി കശ്മീർ ഫയൽസ് ' എന്ന ചിത്രം അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നുവെന്നും ഇത്തരം പ്രൊപ്പഗണ്ട സിനിമ മേളയിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നുവെന്നുമുള്ള ജൂറി ചെയർമാൻ നാദവ് ലാപിഡിന്റെ പ്രസ്താവന വലിയ വിവാദമായിരുന്നു. എന്നാൽ പിന്നീട് തന്റെ പ്രസ്താവനയിൽ അദ്ദേഹം ക്ഷമാപണം നടത്തുകയും ചെയ്തു. സംഭവം വിവാദമായതോടെ ലാപിഡിനെ വിമർശിച്ച് ഇസ്രായേൽ അംബാസഡർ നവോർ ഗിലോൺ രംഗത്തെത്തിയിരുന്നു.



ഏകാദശിയോടനുബന്ധിച്ച് ഗുരുവായൂർ പാർത്ഥസാരഥി ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളിപ്പ്

## പാലായിൽ മഹാത്മാഗാന്ധി പ്രതിമ ഇന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ അനാവരണം ചെയ്യും

**പാലാ:** മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പാലാ നഗരസഭ ലഭ്യമാക്കിയ സ്ഥലത്ത് നിർമ്മിച്ച ഗാന്ധിസ്ക്വയറിൽ സ്ഥാപിച്ച മഹാത്മാഗാന്ധി പ്രതിമയുടെ അനാവരണംഇന്ന് ഉച്ചയ്ക്ക് 12.15ന് കേരള ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ നിർവ്വഹിക്കുമെന്ന് ഫൗണ്ടേഷൻ ചെയർമാൻ എബി ജെ ജോസ്, വൈസ് ചെയർമാൻ ഡോ സിന്ധുമോൾ ജേക്കബ് എന്നിവർ അറിയിച്ചു. എം പിമാരായ തോമസ് ചാഴികാടൻ, ജോസ് കെ മാണി, മാണി സി കാപ്പൻ എം എൽ എ, പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, പാലാ മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറെക്കര, ഫൗണ്ടേഷൻ രക്ഷാധികാരി ജസ്റ്റീസ് കെ നാരായണക്കുറുപ്പ്, ചെയർമാൻ എബി ജെ ജോസ്, വൈസ് ചെയർമാൻ ഡോ സിന്ധുമോൾ ജേക്കബ് തുടങ്ങിയവർ പ്രസംഗിക്കും. പൂഞ്ഞാർ - ഏറ്റുമാനൂർ ഹൈവേയിൽ മൂന്നാനിയിൽ ലോയേഴ്സ് ചേംബർ റൂട്ടിൽ പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് ഗാന്ധിസ്ക്വയറും പ്രതിമയും സ്ഥാപിച്ചിരിക്കന്നത്. ഗാന്ധിജിയുടെ 150 ജന്മവാർഷികം, ഗാന്ധിജിയുടെ കേരള സന്ദർശനത്തിന്റെ 100 വാർഷികം, ഭാരതസ്വാതന്ത്ര്യത്തിന്റെ 75 മത് വാർഷികം എന്നിവയുടെ ഭാഗമായിട്ടാണ് ഗാന്ധിജിക്ക് ആദരവ് ഒരുക്കുന്നതെന്ന് ഭാരവാഹികളായ സാംജി പഴേപറമ്പിൽ, സാബു എബ്രാഹം, ടോണി തോട്ടം എന്നിവർ പറഞ്ഞു.

### ഇന്നത്തെ ശബരിമല വിശേഷങ്ങൾ (04/12 /2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.



## മുല്ലപ്പെരിയാറിൽ ജലനിരപ്പ് 140 അടി; ആദ്യ മുന്നറിയിപ്പ് നൽകി തമിഴ്നാട്

**തൊടുപുഴ :** മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് 140 അടിയിലെത്തി. ഡാം തുറക്കുന്നതിനു മുന്നോടിയായുള്ള ആദ്യ മുന്നറിയിപ്പ് തമിഴ്നാട് നൽകി. നവംബർ 9നും തമിഴ്നാട് ആദ്യ മുന്നറിയിപ്പ് നൽകിയിരുന്നു. 142 അടിയെത്തിയാൽ ഡാം തുറക്കേണ്ടിവരും. സെപ്റ്റംബറിൽ കനത്ത മഴയെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ തുറന്നിരുന്നു. മൂന്നു ഷട്ടറുകൾ 30 സെന്റിമീറ്ററാണ് ഉയർത്തിയത്.



## ഗാന്ധിദർശൻ പുരസ്കാരം ടി. പത്മനാഭന്

കണ്ണൂർ: ഗാന്ധിദർശൻ സമിതിയുടെ ഗാന്ധിദർശൻ പുരസ്കാരം കഥാകൃത്ത് ടി. പത്മനാഭന്. നാലിന് ഞായറാഴ്ച വൈകീട്ട് നാലിന് പുരസ്കാരം സമ്മാനിക്കുമെന്ന് സമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. കണ്ണൂർ ഡി.സി.സി. ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ കെ. സുധാകരൻ എം.പി. പുരസ്കാര സമർപ്പണം നടത്തും. സമിതി സംസ്ഥാന പ്രസിഡന്റ് വി.സി. കബീർ അധ്യക്ഷത വഹിക്കും. പത്രസമ്മേളനത്തിൽ സമിതി ജില്ലാ പ്രസിഡന്റ് കെ. ഭാസ്കരൻ, ഇ. ബാലകൃഷ്ണൻ, പി.വി. ജയസൂര്യ എന്നിവർ പങ്കെടുത്തു.

## ഈ അഞ്ച് ജില്ലകളിൽ നാളെ അതിശക്തമായ മഴയ്ക്ക് സാദ്ധ്യത, യെല്ലോ അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ നാളെ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലാണ് ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചത്.
ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാദ്ധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.




## കരിപ്പൂരിലേയ്ക്ക് സ്വർണം കടത്തുന്നതിനിടെ വിമാനം ചതിച്ചു; നെടുമ്ബാശേരിയിൽ നിന്ന് കള്ളനെ കയ്യോടെ പിടികൂടി കസ്റ്റംസ്

**കൊച്ചി:** നെടുമ്ബാശേരിയിൽ അടിയന്തരമായി ഇറക്കേണ്ടി വന്ന വിമാനത്തിലെ യാത്രക്കാരനിൽ നിന്നും സ്വർണം പിടികൂടി. ജിദ്ദയിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി കടത്താനിരുന്ന സ്വർണമാണ് നെടുമ്ബാശേരിയിൽ കസ്റ്റംസ് പിടികൂടിയത്. മലപ്പുറം സ്വദേശി സമദ് ആണ് കസ്റ്റംസിന്റെ പിടിയിലായത്. അരയിൽ തോർത്ത് കെട്ടി അതിനുള്ളിൽ ഒളിപ്പിച്ച നിലയിലാണ് 1650 ഗ്രാം സ്വർണമാണ് കണ്ടെത്തിയത്. ഹൈഡ്രോളിക് സംവിധാനം തകരാറിലായതിനെ തുടർന്നാണ് യാത്രക്കാരെ മുഴുവൻ നെടുമ്ബാശേരി വിമാനത്താവളത്തിൽ ഇറക്കി ടെർമിനലിലേക്ക് മാറ്റിയത്. തുടർന്ന് ഇവരെ മറ്റൊരു വിമാനത്തിൽ കരിപ്പൂരിലേക്ക് കൊണ്ടുപോകുന്നതിനായി സുരക്ഷാ പരിശോധന നടത്തുമ്ബോഴാണ് സമദ് പിടിയിലായത്. ഇന്നലെ ജിദ്ദയിൽനിന്ന് പുറപ്പെട്ട സ്പൈസ് ജെറ്റ് വിമാനം കോഴിക്കോട് ഇറക്കാനാവാതെ കൊച്ചിയിലേക്കു വഴി തിരിച്ചു വിടുകയായിരുന്നു. ഇവിടെ രണ്ടിലേറെ തവണ നടത്തിയ ശ്രമങ്ങൾക്കൊടുവിലാണ് വിമാനം സുരക്ഷിതമായി ലാൻഡ് ചെയ്തത്.



## പാലക്കാട് ബിവറേജസ് ഔട്ട്ലറ്റിൽ മോഷണം; പ്രതിയെ തിരിച്ചറിഞ്ഞിട്ടും പൊലീസ് കേസെടുത്തത് ഒരാഴ്ച വൈകി

**പാലക്കാട്:** ബിവറേജസ് ഔട്ട്ലെറ്റിൽ നടന്ന മോഷണത്തിൽ കേസെടുത്ത് പൊലീസ്. ചുമട്ടുതൊഴിലാളിയായ സുധീപ് എന്നയാൾക്കെതിരെയാണ് പൊലീസ് കേസെടുത്തത്.പ്രതിയുടെ ദൃശ്യങ്ങൾ ഉൾപ്പെടെ നേരത്തേ പ്രചരിച്ചിരുന്നു.
കുറച്ച് ദിവസങ്ങൾക്ക് മുമ്ബാണ് പാലക്കാട് നഗരത്തിലെ ബിവറേജ് ഔട്ട്ലറ്റിൽ നിന്നും മദ്യം മോഷണം പോയത്. സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പരാതി നൽകി ഒരാഴ്ചയായിട്ടും സൗത്ത് പൊലീസ് കേസെടുത്തില്ല. പ്രതി ഇടത് യൂണിയനിൽപ്പെട്ട ആളായതിനാൽ പൊലീസ് ഒത്തുതീർപ്പിന് ശ്രമിക്കുന്നുവെന്ന ആക്ഷേപം ഉയർന്നിരുന്നു. ഇത് ചർച്ചയായതോടെയാണ് പൊലീസ് കേസെടുത്തത്.



## പുറത്താക്കിയ കുഫോസ് വി സിക്കായി അഭിഭാഷകനെ നിയോഗിക്കുമെന്ന് സിൻഡിക്കേറ്റ്, തീരുമാനം ഗവേണിംഗ് കൗൺസിൽ യോഗത്തിൽ

**തിരുവനന്തപുരം:** പുറത്താക്കിയ കുഫോസ് വി.സി ഡോ. കെ. റിജി ജോണിനായി സുപ്രീംകോടതിയിൽ അഭിഭാഷകനെ നിയോഗിക്കാൻ സിൻഡിക്കേറ്റ് തീരുമാനം.
ഇന്ന് ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമെടുത്തത്. കുഫോസ് വി.സിയായി റിജി ജോണിന്റെ നിയമനം ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് ഡോ.എം. റോസലിൻഡ് ജോർജിനെ ആക്ടിംഗ് വി.സിയായി നിയമിച്ചിരുന്നു,ഹൈക്കോടതി ഉത്തരവിനെതിരെ റിജി ജോൺ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും സ്റ്റേ ലഭിച്ചില്ല. ചീഫ് ജസ്റ്റിസ് എസ്, മണികുമാർ, ജസ്റ്റിസ് ഷാജി പി. ചാലി എന്നിവരുൾപ്പെട്ട് ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് ഡോ. കെ.റിജി ജോണിന്റെ നിയമനം റദ്ദാക്കിയത്. യു.ജി.സി ചട്ടങ്ങൾ പാലിച്ചല്ല നിയമനം എന്ന് വിലയിരുത്തിയാണ് ഹൈക്കോടതിയുടെ ഉത്തരവ്,

സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

വിളിക്കുക

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.






# ലോകോത്തര നിലവാരമുള്ള കായികതാരങ്ങളെ സൃഷ്ടിക്കുന്ന വേദിയാണ് സംസ്ഥാന സ്കൂൾ കായികമേള: മുഖ്യമന്ത്രി

ലോകോത്തര നിലവാരമുള്ള കായികതാരങ്ങളെ സൃഷ്ടിക്കുന്ന വേദിയാണു സംസ്ഥാന സ്കൂൾ കായികമേളയെന്നും ഇതു മുൻനിർത്തി സമഗ്ര കായിക വിദ്യാഭ്യാസ പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കുകയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. 64–ാമതു സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസരംഗത്തെ സമഗ്ര മുന്നേറ്റത്തിനു കായികപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്നു മുഖ്യമന്ത്രി പറഞ്ഞു. വിവിധ കായിക പരിപാടികളിലൂടെ വിദ്യാർഥികളുടെ നിലവാരം ഉയർത്തുന്നതിനാണു സർക്കാർ ശ്രമിക്കുന്നത്. അഞ്ചു ഘട്ടങ്ങളിലായി 10 മുതൽ 12 വയസ് വരെയുള്ള അഞ്ച് ലക്ഷം വിദ്യാർഥികൾക്ക് 1000 കേന്ദ്രങ്ങളിലൂടെ ഫുട്ബോൾ പരിശീലനം നൽകും. ജൂഡോയ്ക്കു വേണ്ടി ജൂഡോക്കോ എന്ന പദ്ധതിയും ബോക്സിങ്ങിന് വേണ്ടി പഞ്ച് എന്ന പദ്ധതിയും സ്കൂൾതലത്തിൽ ആരംഭിച്ചുകഴിഞ്ഞു. ദേശീയ അത്‌ലറ്റിക് ഫെഡറേഷനുമായി ചേർന്ന് 5000 വിദ്യാർഥികൾക്ക് അത്‌ലറ്റിക് പരിശീലനം നൽകും. ഇതിന്റെ ആദ്യഘട്ടമായി 10 സ്കൂളുകളിൽ സ്പ്രിന്റ് എന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു.കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ കുന്നംകുളത്ത് സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കും. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്കൂളിനെ സ്പോർട്സ് സ്കൂളായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചു വരികയാണ്. കായിക ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും സഹകരണത്തോടെ മൂന്നു ഫുട്ബോൾ അക്കാദമികൾ സ്ഥാപിക്കുന്നതിൽ രണ്ടെണ്ണം പെൺകുട്ടികൾക്ക് മാത്രമായുള്ളതായിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.കോവിഡ് കാരണം കഴിഞ്ഞ രണ്ടു വർഷം കായിക മേള സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. കോവിഡിന്റെ ബുദ്ധിമുട്ടുകൾ ഏറ്റവുമധികം നേരിട്ട വിഭാഗം കുട്ടികളായിരുന്നു. ഒത്തുചേരുവാനും വിനോദങ്ങളിലേർപ്പെടുവാനും കഴിയാത്ത സാഹചര്യമുണ്ടായി. ഭീതി പൂർണമായും ഒഴിവായിട്ടില്ലെങ്കിലും കായിക മേളയുമായി ഒത്തുചേരാൻ കഴിഞ്ഞത് സന്തോഷകരമാണ്. ആരോഗ്യകരമായ മത്സരത്തിലൂടെ മികച്ച പ്രകടനം നടത്താൻ എല്ലാ കായിക താരങ്ങൾക്കും കഴിയട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.'സേ നോ ടു ഡ്രഗ്' എന്ന മുദ്രാവാക്യമുയർത്തിയാണു കായിക താരങ്ങൾ മാർച്ച് പാസ്റ്റിൽ അണിനിരന്നത്. ജില്ല അടിസ്ഥാനത്തിലുള്ള മാർച്ച് പാസ്റ്റിൽ മുഖ്യമന്ത്രി സല്യൂട്ട് സ്വീകരിച്ചു. ഒളിമ്പ്യൻ മുഹമ്മദ് അനസ് യഹിയ ദീപശിഖ തെളിയിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിൽ മുഖ്യതിഥിയായി. മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു തുടങ്ങിയവർ പങ്കെടുത്തു.



# മേപ്പാടി പോളി സംഘർഷം: അപർണയെ വധിക്കാൻ ശ്രമിച്ച നാലുപേർ അറസ്റ്റിൽ

**മേപ്പാടി :**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനിടെ എസ്എഫ്ഐ ജില്ലാ വൈസ് പ്രസിഡന്റ് അപർണ ഗൗരിയെ വധിക്കാൻ ശ്രമിച്ച സംഘത്തിലെ നാലുപേരെ മേപ്പാടി പൊലീസ് അറസ്റ്റ് ചെയ്തു. മേപ്പാടി ഗവ. പോളിടെക്നിക്ക് കോളേജിലെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മൂന്നാം വർഷ വിദ്യാർഥി വടകര കാർത്തികപ്പള്ളി സ്വദേശി കെ ടി അതുൽ (20), മറ്റ് മൂന്നാംവർഷ വിദാർഥികളായ മലപ്പുറം കൊണ്ടോട്ടി ഒളവത്തൂർ മുഹമ്മദ് ഷിബിലി (21), എറണാകുളം അലൻ ആന്റണി (20), വടകര സ്വദേശി കിരൺ രാജ് (20) എന്നിവരാണ് അറസ്റ്റിലായത്. സംഘർഷത്തെ തുടർന്ന് മേപ്പാടി ഗവ. പോളിടെക്നിക്ക് കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചു.കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്കിടെ വെള്ളിയാഴ്ചയാണ് അപർണയെ മുപ്പതോളം വരുന്ന യുഡിഎസ് എഫ് ക്രിമിനലുകൾ ആക്രമിച്ചത്. കോളേജിലെ മയക്കുമരുന്ന് സംഘമായ 'ട്രാബിയോക്കി'ൽ ഉൾപ്പെടുന്നവരാണ് അക്രമികൾ. വിദ്യാർഥികൾക്ക് മയക്കുമരുന്ന് എത്തിച്ചുനൽകുന്നതുൾപ്പെടെയുള്ള അസാന്മാർഗിക പ്രവർത്തനങ്ങൾ നടത്തുന്നവരാണ് സംഘത്തിലുള്ളത്. അറസ്റ്റിലായവരെ കൂടാതെ മലപ്പുറം കൊണ്ടോട്ടി കിഴിശ്ശേരി സ്വദേശി ഫിനാൻ ഉൾപ്പെടെ കണ്ടാലറിയാവുന്ന 20 പേർക്കെതിരെയാണ് അപർണയെ വധിക്കാൻ ശ്രമിച്ചതിന് കേസെടുത്തത്.അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ അപർണ ഗൗരി മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. മേപ്പാടി ഇൻസ്പെക്ടർ എ ബി വിബിനും അക്രമത്തിൽ പരിക്കേറ്റിരുന്നു. അറസ്റ്റിലായ അതുൽ കെ ടി, കിരൺരാജ്, മുഹമ്മദ് ഷിബിലി എന്നിവർക്കെതിതെ വധശ്രമത്തിന് കേസെടുത്തു. അലൻ ആന്റണിക്കെതിരെ പൊലീസിന്റെ കൃത്യനിർവഹണം തടസ്സപ്പെടുത്തിയതിനാണ് കേസ്. കൽപ്പറ്റ കോടതിയിൽ ഹാജരാക്കിയ നാലുപേരെയും റിമാൻഡ് ചെയ്തു. വെള്ളി പകൽ മൂന്നോടെ തുടങ്ങിയ സംഘർഷം വൈകിട്ട് അഞ്ചോടെയാണ് പൊലീസിന് നിയന്ത്രിക്കാനായത്.




# ലോറിയുടെ ബോണറ്റിൽ പൂച്ച; സഞ്ചരിച്ചത് 400 കിലോമീറ്റർ

250 മൈൽ ലോറിയുടെ ബോണറ്റിൽ ഇരുന്ന് യാത്ര ചെയ്ത് ഒരു പൂച്ച. അതായത് ഏകദേശം 400 കിലോമീറ്റർ. ഇപ്പോൾ ആ പൂച്ചയുടെ ഉടമകളെ തെരയുകയാണ് ആർഎസ്പിസിഎ (റോയൽ സൊസൈറ്റി ഫോർ ദി പ്രീവെൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസ്). സതാംപ്ടണിൽ നിന്ന് പുറപ്പെട്ട ട്രക്ക് മെർസിസൈഡിലെ ലിസ്കാർഡിലെ സൂപ്പർമാർക്കറ്റിൽ എത്തിയപ്പോഴാണ് കറുപ്പും വെളുപ്പും നിറത്തിലുള്ള പൂച്ചയെ ട്രക്കിന്റെ ബോണറ്റിൽ കണ്ടെത്തിയത്. കിലോമീറ്ററുകൾ ബോണറ്റിനകപ്പെട്ട പൂച്ച ആകെ പേടിച്ചുപോയിരുന്നു. മാത്രവുമല്ല എണ്ണയിൽ മുങ്ങിയിട്ടുണ്ടായിരുന്നു എന്നും ആർഎസ്പിസിഎ പറഞ്ഞു. അതിന്റെ ഉടമകളെ കണ്ടെത്താനുള്ള ശ്രമത്തിലാണ് ഇവർ. മിക്കവരും വളർത്തു മൃഗങ്ങൾക്ക് ഇപ്പോൾ മൈക്രോചിപ്പുകൾ ഘടിപ്പിക്കാറുണ്ട്. നിർഭാഗ്യവശാൽ പൂച്ചയുടെ ദേഹത്ത് മൈക്രോചിപ്പ് കണ്ടെത്താൻ സാധിച്ചില്ല. യോർക്കി എന്നാണ് ഈ പൂച്ചയ്ക്ക് വിളിപേരിട്ടിരിക്കുന്നത്.''ഇത്രയും വലിയ ശബ്ദമുള്ള എഞ്ചിന്റെ അരികിൽ ഇത്രയും ദൂരം സഞ്ചരിക്കുക എന്നത് പൂച്ചയെ സംബന്ധിച്ചിടത്തോളം എത്രത്തോളം ഭയാനകം ആണെന്ന് ചിന്തിക്കാൻ പോലും സാധിക്കുന്നില്ല എന്നും ആർഎസ്പിസിഎ പറഞ്ഞു.

# മാനസികാരോഗ്യ കേന്ദ്രത്തിൽ യുവതി മരണമടഞ്ഞ സംഭവം: പ്രത്യേക സംഘം അന്വേഷിക്കുമെന്ന് മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽചികിത്സയിലായിരുന്ന യുവതി മരണമടഞ്ഞ സംഭവത്തിൽ അന്വേഷണം നടത്താൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്താൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദേശം നൽകി.





# സർക്കാർ സേവനങ്ങൾ കൂടുതൽ ജനോന്മുഖമാക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം** സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ കൂടുതൽ ജനോന്മുഖമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതിന് ജീവനക്കാരുടെ സമീപനത്തിലും കാര്യമായ മാറ്റം വേണം. സർക്കാർ സർവീസ് എന്നാൽ പൊതുജനങ്ങൾക്ക് സേവനം നൽകാനുള്ള ഉപാധിയാണ്. ആ നിലയ്ക്കുള്ള മാറ്റം ഉണ്ടാകണമെന്നും സംസ്ഥാന സർക്കാരിന്റെ ഇ ഗവേണൻസ് പുരസ്കാരങ്ങൾ വിതരണംചെയ്ത് മുഖ്യമന്ത്രി പറഞ്ഞു.ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിന് ഒരു തടസ്സം കാലഹരണപ്പെട്ട ചട്ടങ്ങളാണ്. അതു പരിഹരിക്കാൻ നടപടിയാരംഭിച്ചു. ഏതെങ്കിലും ചട്ടങ്ങൾ ജനങ്ങൾക്ക് വിഷമകരമാകുന്നു എന്നുകണ്ടാൽ ഉദ്യോഗസ്ഥർ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. നിലവിൽ സർക്കാരിൽനിന്നുള്ള 868 സേവനങ്ങൾ ഓൺലൈൻ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. 668 സേവനങ്ങൾ ലഭ്യമാക്കുന്ന എം സേവനം മൊബൈൽ ആപ്പും പുറത്തിറക്കി. ഇവയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തും. എല്ലാ വിഭാഗം ജനങ്ങൾക്കും ഇ സേവനം ലഭ്യമാകണമെങ്കിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തണം. അതിനാണ് കെ ഫോൺ പദ്ധതി. നിലവിൽ 2013 പൊതുസ്ഥലങ്ങളിൽ വൈഫൈ സ്പോട്ടുകളുണ്ട്. 2000 സ്പോട്ടുകൾകൂടി സ്ഥാപിക്കാൻ നടപടി ആരംഭിച്ചു. ഭൂരേഖകൾ കൃത്യതയോടെയും നിശ്ചിത സമയപരിധിക്കുള്ളിലും ലഭ്യമാക്കാൻ ഡിജിറ്റൽ റീസർവെയ്ക്ക് തുടക്കമായതായും അദ്ദേഹം പറഞ്ഞു.പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായി. ജൂറി അംഗം ഡോ. സെബാസ്റ്റ്യൻ പോൾ, മേയർ ആര്യ രാജേന്ദ്രൻ, കൗൺസിലർ രാഖി രവികുമാർ, ഐഎംജി ഡയറക്ടർ കെ ജയകുമാർ, ഐടി സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ, ഐടി മിഷൻ ഡയറക്ടർ സ്നേഹിൽകുമാർ സിങ് എന്നിവർ സംസാരിച്ചു.



# അഞ്ചു വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഇടുക്കിയുടെ മണ്ണിൽ വിമാനം പറന്നിറങ്ങി

ഇടുക്കിയ്ക്ക് ഇത് അഭിമാന നിമിഷമാണ്. നീണ്ട അഞ്ചു വർഷത്തെ കാത്തിരിപ്പിനൊടുവിൽ സത്രം എയർ സ്ട്രിപ്പിൽ വിമാനം ഇറക്കി. രണ്ട് പേർക്ക് സഞ്ചാരിക്കാവുന്ന എസ് ഡബ്ള്യു 8 ആണ് ഇടുക്കിയുടെ മണ്ണിൽ ആദ്യമായി പറന്നിറങ്ങുന്നത്. പെരിയാർ കടുവ സാങ്കേതത്തിന് അരകിലോമീറ്റർ അകലെ 680 മീറ്റർ നീളത്തിൽ റൺവേയോട് കൂടിയാണ് എയർ സ്ട്രിപ്പ് നിർമ്മിച്ചിരിക്കുന്നത്. കാലക്രമേണ മെഡിക്കൽ എമർജൻസിയും ടൂറിസവും പോലുള്ള കാര്യങ്ങൾക്കുമായി എയർ സ്ട്രിപ്പ് വികസിപ്പിച്ച് എടുക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.2017 ലാണ് സത്രം എയർ സ്ട്രിപ്റ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നത്. പ്രതിവർഷം 1000 എൻസിസി കേഡറ്റുകൾക്ക് സൗജന്യമായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ അന്തരാഷ്ട്ര നിലവാരത്തിലാണ് ഇത് നിർമ്മിക്കുന്നത്. എൻസിസി കേഡറ്റുകളുടെ താമസ പരിശീലനം, ക്യാമ്പ് തുടങ്ങിയവയെല്ലാം ഇവിടെ തന്നെ സജ്ജീകരിക്കും. ഒരേ സമയം 200 കുട്ടികൾക്ക് പരിശീലനം നൽകുന്ന ക്രമീകരണങ്ങളാണ് ഇവിടെ ഒരുക്കുക.റൺവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തിയാക്കി കഴിഞ്ഞ ഏപ്രിലും ജൂണിലും വിമാനം ഇറക്കാനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ ആ സ്ഥലത്തുണ്ടായിരുന്ന മൺതിട്ട അതിന് തടസം നിൽക്കുകയായിരുന്നു. മാത്രമല്ല പ്രതികൂല കാലാവസ്ഥയും തടസം നിന്നു. പിന്നീട് ആ മൺതിട്ട പൂർണമായും നീക്കം ചെയ്തതിന് ശേഷമാണ് ഇന്ന് ട്രയൽ റൺ വിജയകരമായി പൂർത്തീകരിച്ചത്.നിലവിൽ 15 കോടിയോളം രൂപ സർക്കാർ എയർ സ്ട്രിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ട് ഏക്കർ സ്ഥലമാണ് എയർ സ്ട്രിപ്പിനായി ആദ്യം അനുവദിച്ചത്. പിന്നീട് 15 ഏക്കർ സ്ഥലം എൻസിസി ആവശ്യപ്പെട്ടിരുന്നു. 15 സീറ്റുള്ള ചെറുവിമാനങ്ങളാണ് ഇവിടെ ഇറക്കുക. അടിയന്തിര സാഹചര്യങ്ങളിൽ മലയോര മേഖലയ്ക്ക് ദുരന്ത നിവാരണത്തിനും എയർ സ്ട്രിപ്പ് ഉപയോഗിക്കാം. സൈന്യത്തിന്റെ ചെറുവിമാനങ്ങളും വലിയ ഹെലികോപ്റ്ററുകളും അടിയന്തിര സാഹചര്യങ്ങളിൽ ഇവിടെ ഇറക്കാനാകും.ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കിയതിന്റെ റിപ്പോർട് എൻസിസിയും പിഡബ്ള്യുഡിയും ഉടൻ സർക്കാരിന് സമർപ്പിക്കും.റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക. നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി എൻഐസിസി കേഡറ്റുകൾക്കുള്ള പരിശീലനവും തുടങ്ങാൻ ആകുമെന്നാണ് പ്രതീക്ഷ.

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക

അൽ–മദീന വൈദ്യ–കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തളാപ്പ്, കണ്ണൂർ- 4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023





# കേരളത്തിലെ വിലക്ക് നീക്കിയതോടെ 13 ന് അവതാർ 2 തിയറ്ററുകളിൽ എത്തും

ഭാഷയുടെ അതിർവരമ്ബുകൾക്കപ്പുറം സിനിമ ആരാധകർ ഒന്നടങ്കം ആകാംശയോടെ കാത്തിരിക്കുന്ന ചിത്രമാണ് അവതാർ 2. ജയിംസ് കാമറൂൺ ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.കഴിഞ്ഞ ദിവസങ്ങളിലായി, ചിത്രം കേരളത്തിൽ പ്രദർശിപ്പിക്കില്ലെന്ന വിതരണക്കാരുടെ നിലപാട് ആരാധകരെ ഏറെ കുഴപ്പിച്ചിരുന്നു. എന്നാൽ ഇപ്പോഴിതാ ആരാധകർക്ക് കൂടുതൽ ആശ്വാസം പകരുന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്.ചിത്രം കേരളത്തിൽ റിലീസ് ചെയ്യുമെന്നാണ് നിലവിൽ ലഭിക്കുന്ന വിവരങ്ങൾ. തിയേറ്ററുടമകളുടെ സംഘടനയായ ഫിയോക്കും വിതരണക്കാരും തമ്മിൽ ധാരണയിൽ എത്തിയതിന് പിന്നാലെയാണ് ഇങ്ങനെയൊരു തീരുമാനം അറിയിച്ചിരിക്കുന്നത്. ആദ്യത്തെ രണ്ടാഴ്ചയിലെ തിയേറ്റർ വരുമാനത്തിന്റെ 55ശതമാനം വിതരണക്കാരും 45ശതമാനം തിയേറ്ററുടമകളും പങ്കിടാനാണ് ധാരണയിൽ എത്തിയിരിക്കുന്നത്. ഈ രണ്ട് ആഴ്ചകൾക്കു ശേഷമാകും പിന്നീട് തുല്യമായി വീതിക്കുക. മുമ്ബ് അറുപത് ശതമാനം വിഹിതം വേണമെന്ന നിലപാടാണ് വിതരണക്കാർ എടുത്തിരുന്നത്. എന്നാൽ ഇതിൽ അഭിപ്രായ വ്യത്യാസം നേരിട്ടതോടെയാണ് കേരളത്തിൽ സിനിമപ്രദർശിപ്പിക്കില്ലെന്ന് ഫിയോക് തീരുമാനം എടുക്കുന്നത്. എന്നാൽ പ്രശ്നങ്ങൾ രമ്യതയിലെത്തുകയും ധാരണയിലാവുകയും ചെയ്ത സാഹചര്യത്തിൽ സിനിമ സംസ്ഥാനത്തെ എല്ലാ തിയറ്ററുകളിലും റിലീസ് ചെയ്യുമെന്ന് തിയറ്റർ ഉടമകളുടെ സംഘടനയായ ഫിയോക് അറിയിക്കുകയായിരുന്നു.ഡിസംബർ 16ന് ചിത്രം ലോകമെങ്ങും പ്രദർശനത്തിനെത്തുമെന്നാണ് സിനിമയുടെ അണിയറ പ്രവർത്തകർ അറിയിച്ചിട്ടുള്ളത്. ഡിസ്നി കമ്ബനിയിലൂടെയാണ് ചിത്രം കേരളത്തിലും വിതരണത്തിനെത്തുന്നത്. ആദ്യഭാഗം റിലീസ് ചെയ്ത് 13 വർഷങ്ങൾക്കു ശേഷമാണ് രണ്ടാം ഭാഗം പ്രദർശനത്തിനായി ഒരുങ്ങി തിയറ്ററിലേക്ക് എത്തുവാൻ ഒരുങ്ങുന്നത്. സാം വർതിങ്ടൺ, സോ സൽദാന, സ്റ്റീഫൻ ലാങ്, മാട്ട് ജെറാൾഡ്, ക്ലിഫ് കർടിസ്, കേറ്റ് വിൻസ്ലെറ്റ് എന്നിവരാണ് ചിത്രത്തിലെ പ്രധാന താരങ്ങൾ. കടലിനുള്ള ഒരു പ്രണയലേഖനമാണ് ചിത്രത്തിന്റെ രണ്ടാം ഭാഗം.നീല മനുഷ്യർ അധിവസിക്കുന്ന പാൻഡോറ എന്ന ഗ്രഹത്തെക്കുറിച്ചാണ് 2009ൽ പുറത്തിറങ്ങിയ അവതാറിൽ അവതരിപ്പിച്ചിരുന്നത്. 'നവി'യെന്ന അന്യഗ്രഹജീവികളുടെ ജീവിതം നാല് ഭാഗങ്ങളിലായി പ്രേക്ഷകർക്ക് മുന്നിലെത്തിക്കുമെന്ന് കാമറൂൺ മുമ്ബ് പ്രഖ്യാപിച്ചിരുന്നു. വർഷങ്ങളോളം അഭിനേതാക്കളെ പരിശീലിപ്പിച്ചും സാങ്കേതിക ഗവേഷണം നടത്തിയതിനും ശേഷം വെള്ളത്തിനടിയിലായിരുന്നു അവതാർ 2ന്റെ ചിത്രീകരണം നടന്നത്. നീണ്ട 13 വർഷങ്ങൾക്കു ശേഷമുള്ള അവതാർ 2 ന്റെ വരവിൽ ഏറെ പ്രതീക്ഷയിലാണ് ആരാധകർ




# പോലീസ് കഥയുമായി വീകം തിയേറ്ററുകളിലേക്ക്

കൂമ്ബാരീസ്, സത്യം മാത്രമേ ബോധിപ്പിക്കൂ എന്നീ ചിത്രങ്ങൾക്കു ശേഷം ധ്യാൻ ശ്രീനിവാസൻ നായകനായി എത്തുന്ന ചിത്രമാണ് വീകം.ധ്യാൻ ശ്രീനിവാസനെ നായകനാക്കി സാഗർ ഹരി രചനയും സംവിധാനവും നിർവഹിക്കുന്ന ത്രില്ലർ ചിത്രമാണ് വീകം. ഇപ്പോഴിതാ ചിത്രം ഡിസംബർ 9 ന് തിയറ്റുകളിൽ എത്തുമെന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ പറയുന്നത്. തീർത്തുമൊരു പോലീസ് സ്റ്റോറി പറയുന്ന ചിത്രമാണ് വീകം. അബാം മൂവീസിന്റെ ബാനറിൽ ഷിലു എബ്രഹാം എബ്രഹാം മാത്യു എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. ധ്യാൻ ശ്രീനിവാസൻ, ഷീലു എബ്രഹാം, അജു വർഗീസ്, ദിനേശ് പ്രഭാകർ, ജഗദീഷ്, ഡെയിൻ ഡേവീസ്, ഡയാന ഹമീദ്, മുത്തുമണി എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ധനേഷ് രവീന്ദ്രനാഥ് ആണ് ചിത്രത്തിന് വേണ്ടി ക്യാമറ കൈകാര്യം നിർവഹിക്കുന്നത്. ചിത്രത്തിന്റെ സംഗീതം നിർവഹിച്ചിരിക്കുന്നത് വില്യംസ് ഫ്രാൻസിസ് ആണ്. എഡിറ്റിംഗ് - ഹരീഷ് മോഹൻ, കലാസംവിധാനം - പ്രദീപ് എംവി, പ്രൊജക്ട് ഡിസൈൻ - ജിത്ത് പിരപ്പൻ കോഡ്, വസ്ത്രാലങ്കാരം - അരുൺ മനോഹർ, മേക്കപ്പ് - അമൽ ചന്ദ്രൻ, ഫിനാൻസ് കൺട്രോളർ - അമീർ കൊച്ചിൻ എന്നിവരാണ് ചിത്രത്തിന്റെ പ്രധാന അണിയറ പ്രവർത്തകർ.ചിത്രം നവംബർ ആദ്യവാരം റിലീസ് ചെയ്യുമെന്ന് അണിയറ പ്രവർത്തകർ അറിയിച്ചിരുന്നുവെങ്കിലും പിന്നീട് തിയതി മാറ്റി പ്രഖ്യാപിക്കുകയായിരുന്നു. ചില സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് തിയതി മാറ്റി പ്രഖ്യാപിച്ചതെന്നാണ് അണിയറ പ്രവർത്തകർ അറിയിച്ചത്.




# 'വരിശ്' രണ്ടാമത്തെ ഗാനവും പുറത്തുവരുന്നു

വിജയ് ആരാധകർ കാത്തിരിക്കുന്ന സിനിമയാണ് 'വരിശ്' .വംശി പൈഡിപ്പള്ളി സംവിധാനം ചെയ്യുന്ന സിനിമയിലെ അപ്ഡേറ്റ്.വിജയ് തന്നെ ആലപിച്ച 'രഞ്ജിതമേ പിന്നാലെ രണ്ടാമത്തെ ഗാനവും പുറത്തുവരുന്നു.എസ് തമന്റെ സംഗീത സംവിധാനത്തിൽ കുരങ്ങുന്ന ഗാനം ഡിസംബർ നാലിന് റിലീസ് ചെയ്യും.ഒരു ഇമോഷണൽ ഫാമിലി ഡ്രാമയായി ആണ് ചിത്രം ഒരുങ്ങുന്നത്.റൊമാൻസ്, കോമഡി, ആക്ഷൻ, സെന്റിമെന്റ്സ് എല്ലാം സിനിമയിലുണ്ട്.50 ദശലക്ഷത്തിലധികം ആളുകൾ ആദ്യ ഗാനം കണ്ടുകഴിഞ്ഞു.







# മഞ്ജു വാര്യറിന്റെ ആയിഷയ്ക്ക് യു സർട്ടിഫിക്കറ്റ്; ചിത്രം ഉടൻ തിയേറ്ററുകളിലേക്ക്

മഞ്ജു വാര്യർ കേന്ദ്ര കഥാപാത്രമായി എത്തുന്ന ഏറ്റവും പുതിയ ചിത്രം ആയിഷയുടെ സെൻസറിങ് പൂർത്തിയായി. ചിത്രത്തിന് സെൻസർ ബോർഡ് യു സെർട്ടിഫിക്കറ്റാണ് ആഗോള തലത്തിൽ നൽകിയിരിക്കുന്നത്.ചിത്രം ഉടൻ തീയേറ്ററുകളിൽ എത്തുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ചിത്രത്തിൻറെ റിലീസ് തീയതി ഇനിയും പ്രഖ്യാപിച്ചിട്ടില്ല. നവാഗതനായ ആമിർ പള്ളിക്കലാണ് ചിത്രം സംവിധാനം ചെയ്യുന്നത്. പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രങ്ങളിൽ ഒന്നാണ് ആയിഷ.ചിത്രത്തിലെ കണ്ണിൽ കണ്ണിൽ എന്ന ഗാനം ഒക്ടോബറിൽ പുറത്തുവിട്ടിരുന്നു. എം ജയചന്ദ്രന്റെ സംഗീതത്തിൽ ഒരുങ്ങിയ ഗാനത്തിന്റെ ലിറിക്കൽ വീഡിയോയ്ക്ക് സോഷ്യൽ മീഡിയയിൽ മികച്ച പിന്തുണയാണ് ലഭിച്ചത്. ബി കെ ഹരിനാരായണന്റെയാണ് വരികൾ. അഹി അജയനാണ് ഗാനം ആലപിച്ചിരിക്കുന്നത്. വർഷങ്ങൾക്ക് ശേഷം തമിഴ് താരം പ്രഭുദേവ മലയാളത്തിൽ ഡാൻസ് കൊറിയോഗ്രാഫി നിർവ്വഹിക്കുന്നു എന്ന പ്രത്യേകതയും അയിഷയ്ക്കുണ്ട്. മഞ്ജു വാര്യർക്ക് പുറമേ ക്ലാസ്മേറ്റ് എന്ന ചിത്രത്തിലൂടെ പ്രേക്ഷകപ്രീതി നേടിയ രാധിക ഇടവേളയ്ക്ക് ശേഷം സിനിമയിലേക്ക് തിരിച്ചെത്തുന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്.വിജയ് ദേവരകൊണ്ട ചിത്രമായി ലൈഗറിനു ശേഷം വിഷ്ണുശർമ്മ ഛായാഗ്രഹണം നിർവഹിക്കുന്ന മലയാള ചിത്രം കൂടിയാണ് 'ആയിഷ'. ആഷിഫ് കക്കോടിയുടേതാണ് രചന. ക്രോസ് ബോർഡർ സിനിമയുടെ ബാനറിൽ സംവിധായകൻ സക്കറിയയാണ് ആയിഷ നിർമ്മിക്കുന്നത്. ഫെദർ ടച്ച് മൂവി ബോക്സ്, ഇമാജിൻ സിനിമാസ്, ലാസ്റ്റ് എക്സിറ്റ് സിനിമാസ്,മൂവീ ബക്കറ്റ് എന്നീ ബാനറുകളിൽ ശംസുദ്ധീൻ മങ്കരത്തൊടി, സക്കറിയ വാവാട്, ഹാരിസ് ദേശം, അനീഷ് പി ബി, ബിനീഷ് ചന്ദ്രൻ എന്നിവരാണ് ഈ ചിത്രത്തിന്റെ സഹ നിർമ്മാതാക്കൾ.എഡിറ്റിംഗ് അപ്പു എൻ ഭട്ടതിരി, കലാസംവിധാനം മോഹൻദാസ്, വസ്ത്രാലങ്കാരം സമീറ സനീഷ്, ചമയം റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ ബിനു ജി നായർ, ശബ്ദ സംവിധാനം വൈശാഖ്, പ്രൊമോഷൻ കൺസൾട്ടന്റ് - വിപിൻ കുമാർ, സ്റ്റിൽസ് രോഹിത് കെ സുരേഷ്, ലൈൻ പ്രൊഡ്യൂസർ റഹിം പി എം കെ.




# സൗബിൻ ഷാഹിറിന്റെ ജിന്ന് പ്രദർശനത്തിനൊരുങ്ങുന്നു

സൗബിൻ ഷാഹിർ-സിദ്ധാർത്ഥ് ഭരതൻ കൂട്ടുക്കെട്ടിൽ ഒരുങ്ങുന്ന ജിന്ന് പ്രദർശനത്തിനൊരുങ്ങുന്നു.ഡിസംബർ 30ന് ചിത്രം തിയേറ്ററുകളിലെത്തും.നാട്ടിലെ ഒരു തീപ്പെട്ടിക്കമ്ബനിയിൽ ജോലി നോക്കുന്ന ലാലപ്പൻ എന്ന യുവാവിനെ കേന്ദ്രീകരിച്ചു കൊണ്ടാണ് ഈ ചിത്രത്തിന്റെ കഥാപുരോഗതി. സൗബിൻ ഷാഹിറാണ് ഈ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.ഒരു പ്രത്യേക സാഹചര്യത്തിൽ സ്വന്തം നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്ക് മാറി നിൽക്കേണ്ടതായി വരുന്ന ലാലപ്പന്റെ ജീവിതത്തിലുണ്ടാവുന്ന മുഹൂർത്തങ്ങളുടെ ചലച്ചിത്രാവിഷ്ക്കാരമാണ് ജിന്ന്. ശാന്തി ബാലചന്ദ്രനാണ് നായിക. അന്തരിച്ച നടി കെ.പി.എ.സി.ലളിതയും ചിത്രത്തിൽ പ്രധാനവേഷത്തിലെത്തുന്നുണ്ട്.സ്ട്രെയ്റ്റ് ലൈൻ സിനിമാസിന്റെ ബാനറിൽ സുധീർ വി.കെ, മനു വലിയ വീട്ടിൽ എന്നിവർ ചേർന്നാണ് നിർമ്മാണം.ഷറഫുദ്ദീൻ, ഷൈൻ ടോം ചാക്കോ, സാബുമോൻ, ജാഫർ ഇടുക്കി, നിഷാന്ത് സാഗർ, ജിലു ജോസഫ് എന്നിവരും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.രാജേഷ് ഗോപിനാഥാണ് തിരക്കഥ ഒരുക്കിയത്.സന്തോഷ് വർമ്മ , അൻവർ അലി എന്നിവരുടെ വരികൾക്ക് പ്രശാന്ത് പിള്ള ഈണം പകരുന്നു.ഗിരീഷ് ഗംഗാധരൻ ഛായാഗ്രഹണവും, ദീപു ജോസഫ് എഡിറ്റിംഗും നിർവ്വഹിക്കുന്നു.




# 'മാംഗോ മുറി' ചിത്രീകരണം പൂർത്തിയായി

കൊച്ചി: ട്രിയാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ ജാഫർ ഇടുക്കി, അർപ്പിത് പത്ആർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ വിഷ്ണു രവി ശക്തി സംവിധാനം നിർവ്വഹിക്കുന്ന പുതിയ ചിത്രം മാംഗോ മുറിയുടെ ചിത്രീകരണം പൂർത്തിയായി.പുതുമുഖം സ്വിയ ആണ് ചിത്രത്തിൽ നായിക .തിരക്കഥ ഒരുക്കുന്നത് തോമസ് സൈമണും വിഷ്ണു രവി ശക്തിയും കൂടി ചേർന്നാണ്.ശ്രീകാന്ത് മുരളി, റ്റിറ്റോ വിൽസൺ, കണ്ണൻ സാഗർ, സിബി തോമസ്, അജിഷ പ്രഭാകരൻ, ലല്ലി അനാർക്കലി, നിമിഷ അശോകൻ, അഞ്ജന, ബിനു മണമ്ബൂർ, ശ്രീകുമാർ കണക്ട് പ്ലസ്, ജോയി അറക്കുളം തുടങ്ങിയവരും ചിത്രത്തിൽ മറ്റ് പ്രധാന കഥാപാത്രങ്ങളായി വേഷമിടുന്നു. സതീഷ് മനോഹർ ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവ്വഹിക്കുന്നത്




# പതിനായിരം കോടി രൂപ സമാഹരിക്കാൻ എസ്ബിഐ; തീരുമാനം 29ന്

**ന്യൂഡൽഹി:** ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ ഇഷ്യൂ ചെയ്ത് ധനസമാഹരണം നടത്താൻ ഒരുങ്ങി രാജ്യത്തെ ഏറ്റവും വലിയ വായ്പദാതാവായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ.10,000 കോടി രൂപ വരെ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ വഴി സമാഹരിക്കാനാണ് എസ്ബിഐ ലക്ഷ്യമിടുന്നത്.5,000 കോടി രൂപയുടെ ഗ്രീൻ ഷൂ ഓപ്ഷനും ഉൾപ്പെടുമെന്ന് ബാങ്ക് റെഗുലേറ്ററി ഫയലിംഗിൽ പറഞ്ഞു.ധനസമാഹരണം പരിഗണിക്കുന്നതിനായി സെൻട്രൽ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി നവംബർ 29 ന് യോഗം ചേരും.അതേ സമയം,ധനസമാഹരണം, അംഗീകരിക്കപ്പെട്ടാൽ, 2023 സാമ്പത്തിക വർഷത്തിൽ ഒരു പബ്ലിക് ഇഷ്യൂ അല്ലെങ്കിൽ പ്രൈവറ്റ് പ്ലേസ്മെന്റ് വഴിയായിരിക്കുമെന്ന് എസ്ബിഐ അറിയിച്ചു.സെപ്തംബർ പാദ ഫലങ്ങൾ പ്രഖ്യാപിച്ചതിന് ശേഷം, നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള വഴികൾ തേടുകയാണ് എസ്ബിഐ.നടപ്പ് സാമ്പത്തിക വർഷത്തിൽ 14 ശതമാനം മുതൽ 16 ശതമാനം വരെ വായ്പാ വളർച്ചയാണ് എസ്ബിഐ പ്രതീക്ഷിക്കുന്നത്.ബാങ്കിന് 2.5 ലക്ഷം കോടി രൂപയുടെ ടേം ലോൺ കൂടി ഉണ്ടെന്നും എല്ലാ മേഖലകളിൽ നിന്നും വളർച്ചയാണ് ബാങ്ക് ലക്ഷ്യമിടുന്നത്.ജൂൺ-സെപ്റ്റംബർ പാദത്തിൽ വായ്പ നൽകുന്നയാളുടെ അറ്റ നിഷ്ക്രിയ ആസ്തിയുടെ അനുപാതം 0.8 ശതമാനമായി കുറഞ്ഞു.കിട്ടാക്കടങ്ങൾ ഇനിയും കുറക്കാനും അനുപാതം ഒരു ശതമാനത്തിൽ താഴെ നിലനിർത്താനും ശ്രമിക്കുമെന്ന് എസ്ബിഐ ചെയർമാൻ പറഞ്ഞു.

# കേന്ദ്ര ബജറ്റ് : ജനങ്ങളിൽ നിന്ന് അഭിപ്രായം തേടി ധനമന്ത്രാലയം

ന്യൂഡൽഹി: 2023 –24 കേന്ദ്ര ബജറ്റിനായി ജനങ്ങളിൽ നിന്നും നിർദേശങ്ങൾ ക്ഷണിച്ച് കേന്ദ്ര ധനമന്ത്രാലയം.അടുത്തവർഷം ഫെബ്രുവരിയിലാണ് പാർലമെൻറിൽ ബജറ്റ് അവതരിപ്പിക്കുക. ജനങ്ങളിൽ നിന്നും പുതിയ ആശയങ്ങളും നിർദേശങ്ങളും ക്ഷണിച്ചുകൊണ്ടുള്ള പത്രക്കുറിപ്പ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ടീറ്റ് ചെയ്തു.'ഇന്ത്യയെ ആഗോള സാമ്പത്തിക ശക്തിയാക്കി മാറ്റുന്നതിനായി നിങ്ങളുടെ ആശയങ്ങളും നിർദേശങ്ങളും ദയവായി പങ്കുവെക്കുക. നേരത്തെ, നിങ്ങൾ പങ്കുവെച്ച നിരവധി നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്' -പത്രക്കുറിപ്പിൽ പറയുന്നു.ബജറ്റ് നിർമ്മാണ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ധനമന്ത്രാലയത്തിലെ സാമ്പത്തികകാര്യ വകുപ്പ് എല്ലാ വർഷവും പൗരന്മാരിൽ നിന്ന് നിർദേശങ്ങൾ ക്ഷണിക്കാറുണ്ട്. നിർദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ഡിസംബർ 10 ആണ്.



# കൊച്ചി തുറമുഖത്ത് ഇനി വമ്പൻ കപ്പലുകൾ അടുക്കും; 380 കോടിയുടെ കേന്ദ്രനിക്ഷേപം


**കൊച്ചി:** വലിയ കപ്പലുകൾക്ക് കൊച്ചി തുറമുഖത്തെത്താൻ കഴിയുന്ന തരത്തിൽ കപ്പൽച്ചാലിന്റെ ആഴം വർദ്ധിപ്പിക്കുന്നു.സാഗർമാല പദ്ധതിയിൽ 380 കോടി രൂപയുടെ നിക്ഷേപമാണ് കേന്ദ്ര സർക്കാർ ഇതിനായി പ്രഖ്യാപിച്ചിരിക്കുന്നത്. ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി ഉയർത്താൻ ലക്ഷ്യമിട്ട് നടത്തുന്ന ഈ പദ്ധതി രാജ്യത്തെ ബിസിനസ് മേഖലയ്ക്ക് ഗുണം ചെയ്യും.നിലവിൽ 14.5 മീറ്ററാണ് കപ്പൽച്ചാലിന് ആഴം. പദ്ധതി പ്രകാരം ഇത് 16 മീറ്ററായി ആദ്യ ഘട്ടത്തിൽ ഉയർത്തും. ഇതോടെ വല്ലാർപാടം ടെർമിനലിന്റെ കണ്ടെയ്നർ കൈകാര്യ ശേഷി നിലവിലെ 10 ലക്ഷം ടി.ഇ.യു. കണ്ടെയ്നറുകളിൽനിന്ന് 20 ലക്ഷം കണ്ടെയ്നറുകളായി ഉയർത്താനുമാകും. ഇതോടെ കൊളംബോ തുറമുഖത്തിന് തിരിച്ചടിയാകും. നിലവിൽ, പ്രധാന അന്താരാഷ്ട്ര ചരക്ക് കപ്പലുകളിൽ ഭൂരിഭാഗവും കൊളംബോ തുറമുഖത്ത് നിന്ന് കൊച്ചിയിലേക്ക് സാധനങ്ങൾ കൊണ്ടുപോകുകയാണ്. ആഴം കൂടുന്നതോടെ കൊളംബോ തുറഖത്ത് എത്തുന്ന അന്താരാഷ്ട്ര ചരക്കുകപ്പലുകൾ കൊച്ചിയിലെത്തും. കൊളംബോ തുറമുഖത്തിൻറെ ആഴം 18 മീറ്ററാണ്.പദ്ധതിച്ചെലവിൻറെ പകുതിയും തുറമുഖ ട്രസ്റ്റിന് സ്വന്തമായി കണ്ടെത്തേണ്ടിവരുമെന്ന് കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവൽ തിങ്കളാഴ്ച സൂചന നൽകി. മന്ത്രി തന്നെ പ്രഖ്യാപിച്ച 380 കോടി രൂപയുടെ പകുതിയോ അതോ 380 കോടിയിൽ കൂടുതലോ ആണോ തുറമുഖ ട്രസ്റ്റ് നിക്ഷേപിക്കേണ്ടത് എന്ന് വ്യക്തമല്ല. എന്നിരുന്നാലും, നിലവിൽ, കൊച്ചിൻ തുറമുഖത്തിന് അത്തരമൊരു തുക നിക്ഷേപിക്കാനുള്ള സാമ്പത്തിക ശേഷിയില്ല.



# ഇന്ത്യൻ നാവികസേന ദിനം

ഇന്ത്യൻ നാവികസേനയുടെ പങ്കിനെയും നേട്ടങ്ങളെയും ആദരിക്കുന്നതിനായി എല്ലാ വർഷവും ഡിസംബർ 4നാണ് രാജ്യം നാവികസേന ദിനം ആചരിക്കുന്നത്. 1971-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ പാക് നാവികേസേനയ്ക്കെതിരെ 'ഓപ്പറേഷൻ ട്രൈഡന്റ്' എന്ന സൈനികാക്രമണം നടത്തിയത്തിന്റെ സ്മരണയ്ക്കായാണ് ഈ ദിവസം (ഡിസംബർ 4) ഇന്ത്യൻ നാവികസേന ദിനമായി ആചരിക്കുന്നത്. ഈ ദിനത്തിൽ നിരവധി ആഘോഷ പരിപാടികൾ രാജ്യത്ത് നടക്കാറുണ്ട്. ഓരോ വർഷവും നാവികസേന ദിനം ആഘോഷിക്കാൻ വ്യത്യസ്ത തീം (പ്രമേയം) നിർദ്ദേശിക്കപ്പെടാറുണ്ട്. നാവികസേന ദിനത്തെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും കൂടുതലറിയാൻ വായിക്കുക. 1971-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധസമയത്ത്, ഡിസംബർ 3ന് വൈകുന്നേരം പാകിസ്ഥാൻ ഇന്ത്യൻ വ്യോമതാവളങ്ങളിൽ ആക്രമണം അഴിച്ചുവിട്ടു. പാക് ആക്രമണത്തിന് മറുപടിയായി ഇന്ത്യ, നിർഘാട്ട്, വീർ, നിപത് എന്നീ മൂന്ന് മിസൈൽ ബോട്ടുകൾ കറാച്ചിയിലേക്ക് പരമാവധി വേഗതയിൽ അയച്ചു. 'ഓപ്പറേഷൻ ട്രൈഡന്റ്' എന്ന് വിളിച്ച ഇന്ത്യൻ നാവികസേനയുടെ ഈ ആക്രമണത്തിൽ പാകിസ്ഥാന്റെ പിഎൻഎസ് ഖൈബർ ഉൾപ്പെടെ നാല് പടക്കപ്പലുകൾ നശിപ്പിച്ചു. ഡിസംബർ നാലിനായിരുന്നു ഇന്ത്യ തിരിച്ചാക്രമണം നടത്തിയത്. തുടർന്ന് ഈ വിജയാഘോഷത്തിനും ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ കൊല്ലപ്പെട്ടവരെ സ്മരിക്കുന്നതിനുമായി ഡിസംബർ നാല് നാവികസേന ദിനമായി ആചരിച്ചു തുടങ്ങി. 1971ലെ യുദ്ധ വിജയത്തിന്റെ 50-ാം വാർഷികത്തിന്റെ ഭാഗമായി 2021ൽ 'സ്വർണിം വിജയ് വർഷ്' ആയി ആഘോഷിക്കാനാണ് നാവികസേനയുടെ പദ്ധതി. പാകിസ്ഥാനെതിരായ യുദ്ധത്തിന് ശേഷം രാജ്യം മുഴുവൻ ഇന്ത്യൻ നാവികസേനയുടെ വിജയം ആഘോഷിച്ചു. ഇന്ത്യയുടെ പ്രാധാന്യത്തെക്കുറിച്ചും വിജയത്തെക്കുറിച്ചും കുട്ടികളെയും ഇന്ത്യയിലെ പൗരന്മാരെയും ബോധവത്കരിക്കുന്നതിനാണ് ഈ ദിനാചരണം നടത്തുന്നത്. കമാൻഡർ-ഇൻ-ചീഫ് എന്ന നിലയിൽ ഇന്ത്യൻ രാഷ്ട്രപതി നയിക്കുന്ന ഇന്ത്യൻ സായുധ സേനയുടെ നാവിക ശാഖയാണ് ഇന്ത്യൻ നേവി. അഡ്മിറൽ പദവി വഹിക്കുന്ന നാവിക സേനാ മേധാവി ആണ് നാവിക സേനയുടെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത്. ന്യൂഡൽഹിയിലാണ് നാവിക സേനയുടെ ആസ്ഥാനം. വലിപ്പത്തിൽ ലോകത്തിലെ നാലാം സ്ഥാനത്താണ് ഇന്ത്യൻ നാവിക സേന. മൂന്ന് പ്രാദേശിക നിയന്ത്രണ കേന്ദ്രങ്ങൾ (റീജിയണൽ കമ്മാൻഡുകൾ) ഉള്ള ഇന്ത്യയുടെ നാവിക സേനയിൽ 55,000 ഓളം അംഗങ്ങളുണ്ട്. 1612ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയാണ് ഇന്ത്യൻ നാവികസേന സ്ഥാപിച്ചത്. 1932ൽ ബ്രീട്ടീഷ് നേതൃത്വത്തിൽ 'റോയൽ ഇന്ത്യൻ നേവി' സ്ഥാപിതമായി. സ്വാതന്ത്ര്യാനന്തരം 1950ൽ പേര്, 'ഇന്ത്യൻ നാവികസേന' എന്നാക്കി മാറ്റി. അതിന് മുമ്പ് ബോംബൈ മറൈൻ, ഇന്ത്യൻ നേവി, ഇന്ത്യൻ മറൈൻ എന്നീ പേരുകളിലാണ് ഇന്ത്യയുടെ കപ്പൽപ്പട അറിയപ്പെട്ടിരുന്നത്.








# ഓസ്ട്രേലിയയെ തകർത്ത് അർജൻറീന ക്വാർട്ടർ ഫൈനലിൽ

ഖത്തർ ലോകകപ്പിലെ രണ്ടാമത്തെ പ്രീ ക്വാർട്ടർ ഫൈനൽ മത്സരത്തിൽ ഓസ്ട്രേലിയയെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് വീഴ്ത്തി മെസ്സിയും സംഘവും ക്വാർട്ടർ ഫൈനലിൽ. സൂപ്പർതാരം ലയണൽ മെസ്സിയും, യുവതാരം ജൂലിയൻ അൽവാരസുമാണ് അർജൻറീനക്കായി വലകുലുക്കിയത്. ഡിസംബർ ഒൻപതിന് ലുസെയ്ൽ സ്റ്റേഡിയത്തിൽ നടക്കുന്ന ക്വാർട്ടർ പോരാട്ടത്തിൽ അർജന്റീന നെതർലൻഡ്സിനെ നേരിടും.എട്ടു വർഷത്തിന് ശേഷമാണ് അർജൻറീന ലോകകപ്പ് ക്വാർട്ടറിൽ കടക്കുന്നത്. മുപ്പത്തിയഞ്ചാം മിനിറ്റിൽ മെസ്സിയാണ് സ്കോറിങ് തുടങ്ങിയത്. ബോക്സിൻറെ വലതുവിങ്ങിൽ നിന്നുള്ള ഫ്രീകിക്കാണ് ഗോളിൽ കലാശിച്ചത്. രണ്ടാം പകുതിയുടെ തുടക്കത്തിൽ ഗോളി മാറ്റ് റയാന്റെ ഗുരുതരമായ പിഴവ് മുതലെടുത്ത് ജൂലിയൻ ആൽവരസ് രണ്ടാം ഗോൾ വലയിലാക്കി. പന്തടകത്തിലും പാസ്സിങ്ങിലും മുന്നിട്ടുനിന്നെങ്കിലും അതീവേഗ മുറ്റങ്ങൾ കൊണ്ട് ഓസീസ് പല തവണ അർജൻറീനയുടെ ഗോൾമുഖം വിറപ്പിച്ചു.77ാം മിനിറ്റിൽ പകരക്കാരൻ താരം ക്രെയ്ഗ് അലക്സാണ്ടർ ഗുഡ്വിൻ ഓസ്ട്രേലിയയുടെ ആശ്വാസഗോൾ നേടി. പ്രഫഷനൽ കരിയറിലെ 1000ാമത്തെ മത്സരത്തിന് ഇറങ്ങിയ മെസ്സി, ലോകകപ്പ് നോക്കൗട്ടിലെ ആദ്യ ഗോളാണ് ഓസീസിനെതിരെ നേടിയത്. ലോകകപ്പിൽ അർജന്റീനയ്ക്ക് വേണ്ടി ഏറ്റവും കൂടുതൽ ഗോൾ നേടിയ താരമെന്ന റെക്കോർഡും ഈ ഗോളോടെ മെസി സ്വന്തമാക്കി. ഇതിഹാസ താര മറഡോണയെയാണ് മെസ്സി ഗോൾ വേട്ടയിൽ മറികടന്നത്.ഡിസംബർ ഒൻപതിന് ലുസെയ്ൽ സ്റ്റേഡിയത്തിൽ നടക്കുന്ന ക്വാർട്ടർ പോരാട്ടത്തിൽ അർജന്റീന നെതർലൻഡ്സിനെ നേരിടും. ആദ്യ പ്രീക്വാർട്ടറിൽ യുഎസ്എയെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് തോൽപ്പിച്ചാണ് നെതർലൻഡ്സ് ക്വാർട്ടറിൽ കടന്നത്.




# അമേരിക്കയെ തകർത്ത് നെതർലാൻഡ്സ് ക്വാർട്ടറിൽ

ഖത്തർ ലോകകപ്പിൽ ആദ്യ പ്രീ ക്വാർട്ടറിൽ യുഎസ്എയ്ക്കെതിരെ ഗ്രൂപ്പ് എ ജേതാക്കളായ നെതർലൻഡ്സിന് ജയം. അമേരിക്കയെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി നെതർലാൻഡ്സ് ക്വാർട്ടറിൽ പ്രവേശിച്ചു. യുഎസ്എയ്ക്കെതിരെ മത്സരം തുടങ്ങി പത്താം മിനിറ്റിലും ആദ്യ പകുതിയുടെ അധിക സമയത്ത് 46ാം മിനിറ്റിലും 81ാം മിനിറ്റിലുമാണ് നെതർലൻഡ്സിന്റെ ഗോൾ നേട്ടം.നെതർലൻഡ്സിന്റെ മെംഫിസ് ഡിപേയും ഡാലി ബ്ലിൻഡുമാണ് ആദ്യ രണ്ടു തവണ യുഎസ്എയുടെ ഗോൾ വല തകർത്തത്. മൂന്നാമത് ഡൻസൽ ഡെംഫ്രൈസും നെതർലൻഡ്സിനായി ഗോൾ നേടി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com